# ഇന്ത്യൻ തൊഴിലാളി

മാസിക

ഡിസംബർ



Happy new Year



ഐ.എൻ.ടി.യു.സി.


100 YEARS OF AYURVEDA TRADITION
Late A.K.Paulose Vaidyan
ഞങ്ങളുടെ ചികിത്സ
നേടിയവർ പറയുന്നു!
'ആസ്ത്മയും
അലർജിയും
ഒരു മാറാരോഗമല്ല!'
100 വർഷത്തിന്റെ മികവിൽ...
പ്രത്യേക പാരമ്പര്യ ആയുർവേദ
ചികിത്സയുമായി
സെന്റ്. പോൾസ് ആയുർവേദ.
ഡോ. നീമ പോൾ B.A.M.S.
(ചീഫ് മെഡിക്കൽ ഓഫീസർ)
Drug Lic.No: 23/25D/2016
ST.PAULS™
AYURVEDA
— SINCE1920 —
എൽദോ വൈദ്യൻ
സെന്റ്. പോൾസ് ആയുർവേദ
ചികിത്സാവിധിയെക്കുറിച്ചു കൂടുതൽ അറിയുവാൻ: ഡോ. ആശ B. BAMS, മെഡിക്കൽ ഓഫീസർ
Trivandrum: 944 736 9941
• TRIVANDRUM : 944 736 9941
• CALICUT : 920 782 2041
• BANGALORE : 751 060 2041
• EDAPPALLY : 920 774 2041
• KOLLAM : 907 260 2041
• KUTTIADY : 755 891 2041
• PALA : 906 136 2041
• THIRUVALLA : 751 068 2041
• MANNARKKAD : 906 106 2041
• VADAKKANCHERI : 751 035 2041
• S.BATHERY : 755 992 2041
• VALANCHERY : 751 050 2041
• PANICHAYAM(HO) : 952 620 2041
• KANHANGAD : 906 103 2041

ഇന്ത്യൻ തൊഴിലാളി മാസിക

INDIAN THOZHILALI MAGAZINE

AN OFFICIAL PUBLICATION OF INTUC KERALA STATE COMMITTEE

K. Karunakaran Smaraka INTUC Mandiram, T.C. 78/1461 (4), Paruthikuzhi, Manacaud P.O., Thiruvananthapuram - 695009, Kerala, India

2021 ഡിസംബർ പുസ്തകം 12 മാസിക ലക്കം 12 വില 25 രൂപ

Managing Editor:
SRI. R. CHANDRASEKHARAN
(President, INTUC State Committee)

Chief Editor cum Printer & Publisher:
SRI. V. J. JOSEPH
(General Secretary, INTUC State Committee)

Executive Editor:
SRI. SANKAR PILLAI KUMBALATHU
(Executive Member, INTUC State Committee)

Resident Editor:
SRI. K. P. THAMPI KANNADAN
(Vice President, INTUC State Committee)

Co-ordinating Editor:
SRI. K. G. MANOJ KUMAR MARUTHAMKUZHI

Editorial Board:
SRI. V. R. PRATHAPAN
(President, INTUC Trivandrum District)

SRI. P. S. PRASANTH
(Secretary, INTUC State Committee)

SMT. KRISHNAVENI G. SHARMA
(President, INTUC Women Workers Council )

# വ്യവസായ സൗഹൃദനയം
## എല്ലാവർക്കും ബാധകം

സംസ്ഥാനത്തും, രാജ്യത്താകമാനവും പൊതുവിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് വ്യവസായ സൗഹൃദനയം. യാതൊരു നിയമപരിശോധനകളും കൂടാതെ തങ്ങൾക്ക് യഥേഷ്ടം പ്രവർത്തനങ്ങൾ നടത്താൻ കഴിയണമെന്ന് സംരംഭകർ ഈ നയത്തിന്റെ പേരിൽ ആവശ്യപ്പെടുന്നു. സംരംഭകർക്ക് എല്ലാവിധ പ്രോത്സാഹനവും സഹായവും നൽകുമെന്ന് സർക്കാരുകൾ പ്രസ്താവിക്കുന്നു. സംരംഭങ്ങൾ തകർക്കുന്നതും, പ്രവർത്തന തടസ്സം സൃഷ്ടിക്കുന്നത് തൊഴിലാളികളും, തൊഴിലാളി സംഘടനകളും ആണെന്ന് ആക്ഷേപിക്കപ്പെടുന്നു. ഇതാണ് പൊതുസ്ഥിതി. ഇതിനെ പത്ര-ദൃശ്യ മാദ്ധ്യമങ്ങളും, സമൂഹ മാദ്ധ്യമങ്ങളും വലിയ ചർച്ചയ്ക്ക് വിധേയമാക്കുന്നു. തൊഴിലാളികളെ പരിഹസിക്കുന്നു. കോടതിവിധികളും വ്യത്യസ്തങ്ങളല്ല.

നിലവിലുള്ള നിയമങ്ങൾ ഏതെങ്കിലും നയപ്രഖ്യാപനത്തിലൂടെയും, പ്രസ്താവനകളിലൂടെയും തിരുത്തുവാൻ കഴിയുന്നതല്ല. തൊഴിൽ നിയമങ്ങൾ അനുസരിക്കാൻ സംരംഭകരും, നിയമങ്ങൾ സത്യസന്ധമായി നടപ്പിലാക്കുവാൻ ഉദ്യോഗസ്ഥരും, ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാരും, കാലഹരണപ്പെട്ട നിയമങ്ങൾ കോടതികളിലെ അനാവശ്യ വ്യാഖ്യാനങ്ങൾക്ക് ഇട നൽകാതെ പരിഷ്കരിക്കാൻ നിയമനിർമ്മാണ സഭയും തയ്യാറായാൽ സൗഹൃദം തനിയെ രൂപപ്പെടും. വികസിത രാജ്യങ്ങളിലെ സ്ഥിതി ഇങ്ങനെയാണ്.

വ്യവസായത്തിന്റെ അടിസ്ഥാനഘടകങ്ങൾ Land (പ്രകൃതി വിഭവങ്ങൾ) – Labour (തൊഴിലാളികളുടെ അദ്ധ്വാനം) – Capital (മൂലധനം) എന്നതാണ്. ഈ മൂന്ന് ഘടകങ്ങൾ പരസ്പരം അംഗീകരിച്ചും, യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടും വ്യവസായ വാണിജ്യരംഗത്ത് പ്രവർത്തിച്ചാൽ വ്യവസായ സൗഹൃദം യാഥാർത്ഥ്യമാകും.

ഒരു സ്ഥാപനം ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന് അഥവാ സേവനത്തിന് സംരംഭകർ വില നിർണ്ണയിക്കുന്നത് വളരെ ശാസ്ത്രീയമായിട്ടാണ്. മൂലധന നിക്ഷേപത്തിന്റെ പലിശ, പ്രവർത്തന മൂലധന പലിശ, അസംസ്കൃതവസ്തുക്കളുടെ വില, തൊഴിലാളികളുടെയും മറ്റ് ജീവനക്കാരുടെയും ന്യായമായ കൂലി അഥവാ ശമ്പളം, ഇവരുടെ നിയമപരമായ ആനുകൂല്യങ്ങൾ, സർക്കാരിന് നൽകേണ്ടുന്ന വിവിധ ഇനം ഫീസുകളും നികുതികളും, വില്പനക്കാവശ്യമായ പരസ്യചിലവ്, ന്യായമായ ലാഭം എന്നിവ ഉല്പന്നവില നിർണ്ണയത്തിൽ ഉൾപ്പെടുന്നു. ഈ വിലയ്ക്ക് ഉല്പന്നം വിൽക്കുമ്പോൾ മേൽപ്പറഞ്ഞ ഓരോ മേഖലയിലും തങ്ങൾക്ക് ലാഭിക്കാൻ കഴിയുന്ന സാമ്പത്തികനേട്ടം സംരംഭകർക്ക് അധിക ലാഭമായി മാറുന്നു. ഈ അധിക ലാഭത്തോടുള്ള സംരംഭകരുടെ സമീപനമാണ് തർക്കങ്ങൾക്ക് ഇടവരുത്തി സൗഹൃദ അന്തരീക്ഷം തകർക്കുന്നത്.

നിർമ്മാണ അനുമതി, വൈദ്യുതി, ജലം, സ്ഥാപന ലൈസൻസുകൾ എന്നിവ ലഭ്യമാകുന്നതിൽ സർക്കാർ തലത്തിലെ നിഷേധാത്മക നിലപാടും, കാലതാമസവുമാണ് വ്യവസായ സൗഹൃദത്തിന് മുഖ്യ തടസ്സം. മൂലധന വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വരുത്തുന്ന കാലതാമസവും, തിരിച്ചടവിൽ ചെറിയ വീഴ്ചകളുണ്ടായാൽ കർശന നടപടികളിലേക്ക് നീങ്ങുന്ന ഇവരുടെ സമീപനങ്ങളും വ്യവസായ സൗഹൃദം തകർക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. സംരംഭകർ തമ്മിലുള്ള വില്പന രംഗത്തെ കിടമത്സരങ്ങളും, ഇതുവഴി നടത്തുന്ന വാശിയേറിയ മത്സര വിപണിയും സൗഹൃദ അന്തരീക്ഷം തകർക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്. തൊഴിലാളികൾക്ക് നിയമപരമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകാതിരിക്കുകയും അതുവഴി തൊഴിലാളി – തൊഴിലുടമ ബന്ധം ബോധപൂർവ്വം തകർക്കുന്നതിന് തൊഴിലുടമകൾ കാണിക്കുന്ന ധാർഷ്ട്യവും വെല്ലുവിളികളും വ്യവസായ സൗഹൃദത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നു. വസ്തുതകൾ ഇതായിരിക്കെ വ്യവസായ സൗഹൃദം തകർക്കുന്നത് തൊഴിലാളികളും, തൊഴിലാളി സംഘടനകളും ആണെന്ന വ്യാപകപ്രചരണം വസ്തുതാവിരുദ്ധമാണ്.

കഴിഞ്ഞ 30 വർഷത്തിനിടയിൽ രാജ്യത്തെ 19 ലക്ഷം കമ്പനികളിൽ 7 ലക്ഷവും അടച്ചുപൂട്ടി. 44 വിമാനകമ്പനികളിൽ 37 ഉം അടച്ചുപൂട്ടി. ആവേശപൂർവ്വം വന്ന 20 ഓളം മൊബൈൽ കമ്പനികളിൽ 16 ഉം പൂട്ടിക്കെട്ടി. 44 ടെലിവിഷൻ ചാനലുകൾ അടച്ചുപൂട്ടി. 100 കണക്കിന് ധനകാര്യ സ്ഥാപനങ്ങൾ തകർത്ത് നടത്തിപ്പുകാർ നാടുവിട്ട് ഓടിയിരിക്കുന്നു. മറ്റ് ചിലർ ജയിലഴിക്കുള്ളിൽ കഴിയുന്നു. ഇങ്ങനെ തകർച്ചയുടെ നേർക്കാഴ്ചകൾ ഏറെയാണ്. ഇതൊന്നും തൊഴിലാളി സമരങ്ങൾമൂലമോ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ പേരിലോ അല്ല. ഈ തിരിച്ചറിവ് സമൂഹമാകെ ഉൾക്കൊള്ളണം.

ആർ. ചന്ദ്രശേഖരൻ

Printed and Published by V.J. Joseph, K. Karunakaran Smaraka INTUC Mandiram, T.C. 78/1461 (4), Paruthikuzhi, Manacaud. P.O., Trivandrum – 695 009, Kerala, India




# രക്തശുദ്ധി വരുത്താം, ആരോഗ്യത്തോടെ ജീവിക്കാം

ഇന്ന് പലരിലും കണ്ടു വരുന്ന അമിതക്ഷീണം, വിശപ്പില്ലായ്മ, വിളർച്ച, തലകറക്കം, കൈകാൽ കഴപ്പ് എന്നിവയ്ക്ക് കാരണം രക്തക്കുറവാണ്. ബ്ലഡ് റിച്ച് ശരീരത്തിലെ രക്തത്തിന്റെ അളവും രക്തചംക്രമണവും വർദ്ധിപ്പിച്ച് രക്തം ശുദ്ധീകരിച്ച് ആരോഗ്യവും പ്രതിരോധശേഷിയും വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും ഉണ്ടാകുന്ന വിളർച്ച (അനീമിയ) അകറ്റി ഉന്മേഷവും ആരോഗ്യവും നൽകാൻ സഹായിക്കുന്നു.

ഉണക്കമുന്തിരി, നെല്ലിക്ക തുടങ്ങി 13 ഔഷധ മൂലികകൾ ചേരുന്ന ബ്ലഡ് റിച്ച് രക്തശുദ്ധിയ്ക്കും, രക്തവർദ്ധനവിനും സഹായിക്കുന്നു.

# കരളിനെ കാത്തു സൂക്ഷിക്കാം, ജീവിതം ആസ്വദിക്കാം

കീഴാർനെല്ലി, ശതാവരി തുടങ്ങിയ 12 ഔഷധമൂലികകൾ ചേരുന്ന ലിവർഓൺ കരളിലടിഞ്ഞുകൂടിയ ടോക്സിൻസും കൊഴുപ്പും നീക്കി, കോശങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സഹായിക്കുന്നു കരൾവീക്കം, സിറോസിസ്, ഫാറ്റി ലിവർ, മഞ്ഞപ്പിത്തം, ഹെപ്പറ്റൈറ്റിസ് തുടങ്ങി എല്ലാ കരൾ രോഗങ്ങളെയും പ്രതിരോധിക്കാൻ സഹായിക്കുന്നു.

അനാരോഗ്യകരമായ ജീവിതശൈലി, മായം കലർന്ന ഭക്ഷണങ്ങൾ, മറ്റു ദുശ്ശീലങ്ങൾ, ജങ്ക് ഫുഡ് ഉപഭോഗം, അമിത ടെൻഷൻ, സ്ട്രസ്സ് ഇവയെല്ലാം ഏറ്റവും ദോഷം ചെയ്യുന്നത് കരളിനെയാണ്. അതിനാൽ ലിവർഓണിന്റെ പ്രത്യേക പരിരക്ഷ കരളിന് ആവശ്യമാകുന്നു.




എല്ലാ ഇംഗ്ലീഷ് / ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളിലും ലഭിക്കുന്നു.

sarvodaya
Since 1987

Manufactured by
THIRUVANANTHAPURAM,
Trade Enquiries:
+ 91 9544388503

LANCER
DRUGS AND PHARMACEUTICALS
www.lancerpharma.com

Marketed by
PALARIVATTOM, COCHIN.
Trade Enquiries:
+ 91 95620 88783

THE LIFEKART.IN

Creative Visualisation. Person featured here is professional model to endorse the product. Result may vary from person to person.



**ഡോ. ജി. സഞ്ജീവറെഡ്ഡി**
ഐ.എൻ.റ്റി.യു.സി. ദേശീയ പ്രസിഡന്റ്
ഐ.റ്റി.യു.സി. അന്തർദേശീയ വൈസ് പ്രസിഡന്റ്




# ആധുനിക തൊഴിലാളി അടിമത്വത്തിനെതിരെ ലോകതൊഴിലാളികൾ ഒന്നിക്കണം

**ആധുനിക സമ്പത്ത് ഘടനയിലെ മാറ്റങ്ങൾ അനിവാര്യവും യാഥാർത്ഥ്യവും ആണെന്ന് സർക്കാരുകളും, മൂലധനക്കാരും പ്രചരിപ്പിക്കുമ്പോൾ അത് കേവലം ഓഹരി കമ്പോളത്തിലെ മത്സരത്തിനും, പിടിച്ചടക്കലുകൾക്കും, കീഴ്പ്പെടുത്തലുകൾക്കും മാത്രമായി മാറാതിരിക്കാൻ വിവേകത്തോടെയുള്ള സമീപനം ഉണ്ടാകണം.**

ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം ലോകജനസംഖ്യയിൽ 160 കോടി പേർക്ക് തൊഴിൽ ലഭ്യമാകുന്നില്ല. തൊഴിൽ ലഭ്യമായ തൊഴിലാളികളിൽ 14 കോടിയ്ക്ക് തൊഴിൽ നഷ്ടമായിരിക്കുന്നു. വികസ്വര രാജ്യങ്ങളിലെ ജനസംഖ്യയിൽ 69% ഉം ദരിദ്രരായ അദ്ധ്വാനിക്കുന്ന തൊഴിലാളി വിഭാഗത്തിൽപ്പെടുന്നു. ഇവരുടെ പ്രതിദിന വരുമാനം 200 രൂപയിൽ താഴെയാണ്. തൊഴിലാളികളിൽ 93% ഉം അസംഘടിത മേഖലയിൽ പണിയെടുക്കുമ്പോൾ കേവലം 7% മാത്രമാണ് സംഘടിത മേഖലയിലുള്ളത്. അസംഘടിത മേഖലയിലുള്ള തൊഴിലാളികൾ ശരിയായ കൂലിയും, ജോലി സുരക്ഷയും, സാമൂഹ്യ പരിരക്ഷകളും നിഷേധിക്കപ്പെട്ട് ആധുനിക അടിമത്വത്തിന് കീഴിലാണ്. ഏറ്റവും പുതിയ കണക്കനുസരിച്ച് ഇൻഡ്യയിലെ ദാരിദ്ര്യനിരക്ക് ബംഗ്ലാദേശും, പാക്കിസ്ഥാനും ഉൾപ്പെടെയുള്ള അയൽ രാജ്യങ്ങളെക്കാൾ കൂടുതലായി രേഖപ്പെടുത്തുന്നു.

തൊഴിലിടങ്ങൾ ലാഭകേന്ദ്രീകൃതമായി മാത്രം പ്രവർത്തിക്കുന്നതുമൂലം ജോലിയുടെ അന്തസ്സും മാന്യമായ ജീവിതവും തൊഴിലാളികൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. മൗലീക അവകാശങ്ങളും, മിനിമം വേതനവും, കൂട്ടായ വിലപേശലും തൊഴിലാളികൾക്ക് ഇന്ന് അന്യമായിരിക്കുന്നത് മൂലം സാമൂഹ്യ അസമത്വത്തിലേക്കും, അരാജകത്വത്തിലേക്കും സമൂഹം നയിക്കപ്പെടുന്നു.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസനലക്ഷ്യം 2030 എല്ലാതരത്തിലും ഉള്ള ദാരിദ്ര്യം അവസാനിപ്പിക്കണമെന്ന് ലോകരാജ്യങ്ങളോട് ഏകശബ്ദത്തിൽ ആവശ്യപ്പെടുന്നു. മനുഷ്യാവകാശങ്ങളുടെ സാർവ്വത്രിക പ്രഖ്യാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന സാമൂഹിക സുരക്ഷയ്ക്കുള്ള അവകാശ



Marketed by

AEVAS AYURVEDA Pvt. Ltd

# കരളുറപ്പിന്റെ കാലം...

## കരളിന്റെ രക്ഷയുടെയും AYUROLIV ആയുർവേദത്തിന്റെ ഉറപ്പ്

**ഒരു കരൾ രോഗിയായി ചികിത്സിക്കുന്നതിലും ഭേദം കരളിനെ ആരോഗ്യകരമായി നിലനിർത്തുന്നതാണ്.**

**ശരീരത്തിൽ നീര്,**
**ഇടക്കിടെയുള്ള ചൊറിച്ചിൽ,**
**ദഹനപ്രശ്നങ്ങൾ,**
**ശാരീരിക ക്ഷീണം, മെലിച്ചിൽ**
ഇതിൽ ഏതെങ്കിലും കണ്ടാൽ
ഉടൻ ഡോക്ടറെ സമീപിക്കുക,

കരൾ സുരക്ഷിതമാണോ
എന്ന് ഉറപ്പ് വരുത്തുക.




Available@Online
FOR HOME DELIVERY
D-STORE
Mobile App

# അയുറോലിവ്

കരളിനോളം ആയുസ്സ്

കീഴാർനെല്ലി, കിരിയാത്ത്, കൃഷ്ണതുളസി, കഞ്ഞുണ്ണി, കൊഴിഞ്ഞിൽ, കടുക്ക മുതലായ ഔഷധ കൂട്ടുകൾ രാമച്ച സത്ത് ചേർത്ത് പാകപ്പെടുത്തിയ ഒരു ഉത്തമ ഉൽപന്നം


Customer care : 9048 34 9009, 9048 35 9009

**എല്ലാ ഇംഗ്ലീഷ്, ആയുർവേദ മെഡിക്കൽ ഷോപ്പുകളിൽ ലഭ്യമാണ്**

ത്തെ ഇത് അടിവരയിടുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളും ആയി ദാരിദ്ര്യം ബന്ധപ്പെട്ടിരിക്കുന്നു. ഇതിന് ഉപരിയായി വിവേചനം തടയൽ, നിർബന്ധിത തൊഴിലുകളിൽ നിന്നുള്ള സ്വാതന്ത്ര്യം, സംഘടിക്കാനുള്ള അവകാശം തുടങ്ങിയ അടിസ്ഥാന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിലേയ്ക്കും ഈ സുസ്ഥിര വികസനലക്ഷ്യം അർത്ഥമാക്കുന്നു.

സാമൂഹ്യസംരക്ഷണത്തിന്റെ മതിയായ തലങ്ങളുടെ അഭാവം ഉയർന്നതും വിട്ടുമാറാത്തതുമായ ദാരിദ്ര്യവും ആയി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിലും ഇത് മുഖ്യവിഷയമായി കണക്കാക്കപ്പെടുന്നു. കാർഷിക ഉൽപാദന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ ഈ രംഗത്ത് തൊഴിലവസരങ്ങൾ വർദ്ധിക്കുന്നു. ഇതിലൂടെ ദരിദ്രർ കൂടുതലായി അധിവസിക്കുന്ന ഗ്രാമീണ മേഖലയിലെ ദാരിദ്ര്യം കുറയുവാൻ ഇടയാകുന്നു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പോലുള്ള പ്രവർത്തനങ്ങൾ ദാരിദ്ര്യം കുറയ്ക്കുന്നതിൽ ഇന്ത്യയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. എന്നാൽ ഈ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം ബഡ്ജറ്റ് തുക കുറയ്ക്കുകയും അനാവശ്യ നിബന്ധനകൾ ഏർപ്പെടുത്തുകയും ആണ് ഇന്ന് കാണുന്ന പ്രതിഭാസം. ഗ്രാമീണ റോഡ് വികസനം, ജലസേചനം, കുടിവെള്ളം, വൈദ്യുതി, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി ശക്തിപ്പെടുത്തിയാൽ കൂടുതൽ തൊഴിലവസരങ്ങളും, വരുമാനവും ലഭ്യമാകുന്നതിലൂടെ ഗ്രാമീണ ദാരിദ്ര്യത്തിന് ഒരു പരിധിവരെ പരിഹാരമാകും.

ഇൻഡ്യയിൽ മാത്രമല്ല ലോകമാകെ തൊഴിലാളികളുടെ തൊഴിൽ ജീവിത സാഹചര്യങ്ങളിൽ അടിസ്ഥാനമാറ്റങ്ങൾ വന്നിരിക്കുന്നു. ആധുനിക അടിമത്വവും പരസ്യമായ ചൂഷണവും എവിടെയും അരങ്ങേറുന്നു. തൊഴിലാളികളെ സംബന്ധിച്ച് ഇത് മഹാദുരന്തമാണ്. ബഹുഭൂരിപക്ഷത്തിന്റെ ജീവിത താല്പര്യങ്ങളെക്കാൾ ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങൾക്കാണ് എവിടെയും മുൻതൂക്കം. എല്ലാവർക്കും അവകാശപ്പെട്ട ഈ ഭൂമിയിലെ സമ്പത്ത് എന്തുകൊണ്ട് ശരിയായി പങ്കിടുന്നില്ല? എന്തുകൊണ്ട് പ്രകൃതി വിഭവങ്ങൾ എല്ലാ മര്യാദകളും ലംഘിച്ച് ചൂഷണം ചെയ്യപ്പെടുന്നു? കോർപ്പറേറ്റുകളും, സമ്പന്നരും എന്തുകൊണ്ട് ശരിയായി നികുതി അടയ്ക്കുന്നില്ല? ആരോഗ്യവും, വിദ്യാഭ്യാസവും ഉൾപ്പെടെയുള്ള സാമൂഹ്യസംരക്ഷണത്തിനുള്ള അഭാവം എന്തുകൊണ്ട് സൃഷ്ടിക്കപ്പെടുന്നു? ധനാഢ്യന്മാരുടെ പണക്കൊതിയും, ആർത്തിയും, ഭരണകൂടങ്ങളുടെ നിഷ്ക്രിയത്വവും ആണ് മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് മുഖ്യ തടസ്സം.



കൂട്ടായ വിലപേശൽ സമ്പത്തിന്റെ ന്യായമായ വിതരണം ഉറപ്പാക്കുക മാത്രമല്ല അസമത്വം കുറയ്ക്കുന്നു. ശക്തമായ യൂണിയനുകളും ശാസ്ത്രീയമായ വിലപേശലും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുമ്പോൾ ക്രയവിക്രയങ്ങളും, വാണിജ്യവ്യവസായ രംഗങ്ങളും ശക്തിപ്പെടും. വികസനം എല്ലാ രീതിയിലും സമഭാവനയോടെ നടക്കും. അതുകൊണ്ട് ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ സംഘടനാ സ്വാതന്ത്ര്യം, കൂട്ടായ വിലപേശൽ എന്നിവ ശക്തമായി ആവശ്യപ്പെടുന്നു.

തൊഴിലാളികൾ തങ്ങളുടെ ഓരോ അവകാശങ്ങളും നേടിയെടുത്തിട്ടുള്ളത് തുടർച്ചയായ സമര പോരാട്ടങ്ങളിലൂടെയാണ്. ഈ രീതി രണ്ട് നൂറ്റാണ്ടായി ലോകത്ത് നടന്നുവരുമ്പോൾ ഇൻഡ്യയിൽ ഈ പോരാട്ടം ഒരു നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ഈ രീതിയിൽ നേടിയ നേട്ടങ്ങളെല്ലാം ഇന്ന് ലോകമാകെ തകരുകയാണ്. ഇതിൽ ഇൻഡ്യ ഇന്ന് മുൻപന്തിയിൽ നിൽക്കുന്നു. സ്വതന്ത്രഭാരതത്തിൽ തൊഴിലാളികളെ പിന്തുണയ്ക്കുന്ന നയങ്ങളാണ് ആദ്യ നാല് ദശകങ്ങളിൽ നടന്നുവന്നിരുന്നത്. എന്നാൽ ഇന്ന് തൊഴിലാളികളെ പൂർണ്ണമായും അവഗണിച്ച് തൊഴിലുടമകളും കോർപ്പറേറ്റുകളും ആയി സർക്കാർ കൈകോർത്തിരിക്കുന്നു. കോർപ്പറേറ്റുകൾ നിർദ്ദേശിക്കുന്നതനുസരിച്ച് തൊഴിലാളി ചൂഷണദ്രോഹ നിയമനിർമ്മാണങ്ങൾ യാതൊരു മടിയും കൂടാതെ സർക്കാർ നടപ്പിലാക്കുന്നു.

വ്യാപാര നിക്ഷേപ നിയമങ്ങൾ ആഗോളമൂലധനത്തെ മാത്രം അനുകൂലിക്കുന്നു. അന്തർദേശീയ വിതരണ ശൃംഖലകൾ ഒരുപിടി കോർപ്പറേറ്റുകളുടെ കൈകളിലായിരിക്കുന്നു. എന്നാൽ ഈ മേഖലയിലെ തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരവും, ചൂഷണാത്മകവും ആണ്. സംഘടിക്കാനോ, അവകാശങ്ങൾ ചോദിക്കാനോ, സമരം ചെയ്യാനോ ഉള്ള ജനാധിപത്യ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ മാനസികമായ യുദ്ധത്തിലാണ് പൊതുവിൽ തൊഴിൽരംഗം. അമിതമായ കേന്ദ്രീകൃത സമ്പത്ത് ജനാധിപത്യത്തെ ദുഷിപ്പിക്കുന്നു. യഥാർത്ഥത്തിൽ വമ്പൻ കോർപ്പറേറ്റുകളും, ബിസിനസ്സ് ഭീമന്മാരും, അവരുടെ സംഘടനകളും തങ്ങളുടെ താല്പര്യസംരക്ഷണത്തിനായി നിയമനിർമ്മാതാക്കളെയും, ഭരണകൂടത്തെയാകെയും വിലക്ക് വാങ്ങുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന സാഹചര്യം ജനാധിപത്യത്തിന് വെല്ലുവിളിയാണ്.

ഉപജീവനത്തിനായി അദ്ധ്വാനം സമർപ്പിക്കുന്ന തൊഴിലാളികൾ ജീവിക്കാനാവശ്യമായ മിനിമം വേതനത്തിനും, പെൻഷൻ, ആരോഗ്യപരിപാലനം തുടങ്ങിയ സാമൂഹ്യ പരിരക്ഷാ നടപടികൾക്കും ആയി ലോകമെമ്പാടും തങ്ങളുടെ യൂണിയനുകളുടെ നേതൃത്വത്തിൽ പ്രക്ഷോഭത്തിലാണ്. എന്നാൽ ഈ ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് പകരം നിലവിലുള്ള പരിമിതമായ ആനുകൂല്യങ്ങൾ പോലും ഇല്ലാതാക്കാനുള്ള നീക്കങ്ങളിലാണ് സർക്കാരുകൾ. ഇതിനെതിരെ തൊഴിലാളികളും സംഘടനകളും ശക്തമായ പോരാട്ടത്തിന് മുന്നിട്ടിറങ്ങണം. ചൂഷണം എങ്ങനെ അവസാനിപ്പിക്കാം, പണിയെടുക്കുന്നവരുടെ സാമ്പത്തിക സ്ഥിതി എങ്ങനെ സംരക്ഷിക്കാം, ജോലി എങ്ങനെ സംരക്ഷിക്കാം, ജീവിത നിലവാരം എങ്ങനെ മെച്ചപ്പെടുത്താം തുടങ്ങിയ വലിയ ചോദ്യങ്ങളാണ് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് മുമ്പിലുള്ളത്.

ആധുനിക സമ്പത്ത് ഘടനയിലെ മാറ്റങ്ങൾ അനിവാര്യവും യാഥാർത്ഥ്യവും ആണെന്ന് സർക്കാരുകളും, മൂലധനക്കാരും പ്രചരിപ്പിക്കുമ്പോൾ അത് കേവലം ഓഹരി കമ്പോളത്തിലെ മത്സരത്തിനും, പിടിച്ചടക്കലുകൾക്കും, കീഴ്പ്പെടുത്തലുകൾക്കും മാത്രമായി മാറാതിരിക്കാൻ വിവേകത്തോടെയുള്ള സമീപനം ഉണ്ടാകണം. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ സുരക്ഷിത ജോലി, മാന്യമായ വേതനം, സാമൂഹ്യ സം

രക്ഷണം, കൂട്ടായ വിലപേശലിനുള്ള അവകാശം സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുവാനുള്ള ബാദ്ധ്യത സർക്കാരുകൾക്കും മൂലധനക്കാർക്കും ഉണ്ട്.

ഇൻഡ്യയിലാണെങ്കിൽ ആദ്യകാലഘട്ടങ്ങളിൽ സോഷ്യലിസ്റ്റ് പുരോഗമന സർക്കാരുകൾ ഉണ്ടായിരുന്നു. ഇപ്പോൾ അത് വർക്ഷീയശക്തികളാൽ പിടിച്ചടക്കപ്പെട്ടിരിക്കുന്നു. അതിന്റെ ഫലമായി വർക്ഷീയ ഫാസിസ്റ്റ് മുതലാളിത്ത കൂട്ടുകെട്ട് തൊഴിലാളികളെയും തൊഴിലാളി പ്രസ്ഥാനങ്ങളെയും തലങ്ങും വിലങ്ങും എല്ലാവിധത്തിലും ആക്രമിക്കുന്നു. ഇതിന് ജാതിയുടെയും, മതത്തിന്റെയും, വർക്ഷത്തിന്റെയും പേരിൽ ന്യായീകരണങ്ങളും കണ്ടെത്തുന്നു. ഇതിനെതിരെ രാജ്യത്തെ മുഴുവൻ ട്രേഡ് യൂണിയനുകളുടെയും ശക്തമായ എതിർപ്പുകൾ ഉണ്ടായിട്ടും അവ കണക്കിലെടുക്കാതെ അടിമത്വവ്യവസ്ഥ അടിച്ചേൽപ്പിക്കാൻ ലക്ഷ്യമിട്ടുള്ള തൊഴിലാളി വിരുദ്ധ തൊഴിൽനിയമ പരിഷ്കാരങ്ങളുമായി സർക്കാർ മുന്നോട്ടു പോകുന്നു. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, ഇ.എസ്സ്.ഐ., ഗ്രാറ്റുവിറ്റി, ബോണസ്സ് ആനുകൂല്യങ്ങൾ വളച്ചൊടിച്ചും, ഭാഗീകമായി റദ്ദാക്കിയും നിഷേധിക്കുവാൻ സാമൂഹ്യസുരക്ഷാ കോഡ് എന്ന പേരിൽ നിയമനിർമ്മാണം നടത്തിയിരിക്കുന്നു. അസംഘടിത തൊഴിലാളിക്ഷേമ പദ്ധതികളും ആയി ബന്ധപ്പെട്ട സെസ്സുകൾ നിർത്തലാക്കി സാമൂഹ്യസുരക്ഷാ സാർവ്വത്രീകരണം എന്ന പേര് നൽകി വഞ്ചിക്കാനും ശ്രമിക്കുന്നു. പ്രൊവിഡന്റ് ഫണ്ട് ഉൾപ്പെടെയുള്ള സാമൂഹ്യസുരക്ഷാ ഫണ്ടുകൾ ഊഹക്കച്ചവടമായ ഓഹരികമ്പോളത്തിൽ നിക്ഷേപിച്ച് അതിന്റെ സാമ്പത്തികഭദ്രത നശിപ്പിക്കുന്നു.

കേന്ദ്രസർക്കാർ ഈ വിധം പ്രവർത്തിക്കുമ്പോൾ കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്നതുപോലെ ചില സംസ്ഥാന സർക്കാരുകൾ ഇതിനെക്കാൾ ക്രൂരമായ തൊഴിലാളി വിരുദ്ധനയങ്ങളാണ് തുടർന്നുവരുന്നത്. ഇത്തരം നീക്കം രാജ്യത്തെ മുഴുവൻ തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കും. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും, ഇന്ദിരാഗാന്ധിയും രാജ്യം ഭരിക്കുമ്പോൾ തൊഴിലാളി സംരക്ഷണത്തിനായി നിർമ്മിച്ച് നടപ്പിലാക്കിയിരുന്ന 44 തൊഴിൽ നിയമങ്ങളിൽ 29 അടിസ്ഥാന നിയമങ്ങൾ ഭേദഗതി ചെയ്ത് 4 കോഡുകളാക്കി മാറ്റി ക്രോഡീകരിച്ചിരിക്കുന്നു. തൊഴിലാളി വിരുദ്ധ വ്യവസ്ഥകളാണ് ഈ കോഡുകളിൽ എവിടെയും കാണാൻ കഴിയുന്നത്. ഈ കോഡുകളിലെ വ്യവസ്ഥകൾ പ്രാബല്യത്തിലായാൽ രാജ്യത്തെ 70%ത്തിലധികം സ്ഥാപനങ്ങളും അവയിലെ തൊഴിലാളികളും എല്ലാ തൊഴിൽ നിയമങ്ങളുടെയും പരിധിയിൽ നിന്നും പുറംതള്ളപ്പെട്ടവരായി മാറും.

ഇതിന് പുറമെ രാജ്യത്തിന്റെ നട്ടെല്ലും മാതൃകാസ്ഥാപനങ്ങളുമായ 292 ഓളം പൊതുമേഖലാ മഹാരത്ന, നവരത്ന, മിനിരത്ന കമ്പനികൾ പൂർണ്ണമായും തകർക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുന്നു. സ്വകാര്യവൽക്കരണം, അടച്ചുപൂട്ടൽ, ലിക്വിഡേഷൻ തുടങ്ങിയ ബഹുമുഖ പദ്ധതികളാണ് ഇതിനായി ആസൂത്രണം ചെയ്തുവരുന്നത്. ഇത് നടപ്പിലാക്കുന്നതിനായി പൂർണ്ണ അധികാരത്തോടെ നീതി ആയോഗിനെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. ഇതോടൊപ്പം പ്രതിരോധം, കൽക്കരി, പെട്രോളിയം, ഖനനം, വൈദ്യുതി, ടെലികോം, സിവിൽ ഏവിയേഷൻ, ബഹിരാകാശപ്രവർത്തനങ്ങൾ, ഇൻഷ്വറൻസ്, ബാങ്കിംഗ്, റെയിൽവേ തുടങ്ങി രാജ്യത്തെ എല്ലാ പ്രധാന പ്രവർത്തനങ്ങളും വിദേശ നിക്ഷേപങ്ങൾക്കും ആഭ്യന്തര കോർപ്പറേറ്റുകൾക്കും ആയി തീറെഴുതാനുള്ള നടപടികളും ധൃതഗതിയിൽ നടന്നുവരുന്നു. ദേശീയ സമ്പത്ത് വ്യവസ്ഥയുടെ തന്ത്രപ്രധാന മേഖലകളിലെ ഈ നയവ്യതിയാനം ഗുരുതര പ്രതിസന്ധിയിലേക്ക് രാജ്യത്തെ നയിക്കും എന്നതിൽ സംശയമില്ല.

സ്വകാര്യവൽക്കരണവും, ആസ്തിവില്പനയും സർക്കാരിന് താൽക്കാലിക സാമ്പത്തിക ആശ്വാസം നൽകിയേക്കാം. എന്നാൽ അത് സമ്പദ്വ്യവസ്ഥയിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. കോർപ്പറേറ്റ് ശാക്തീകരണവും, ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റവും, സുപ്രധാന പൊതുസേവന പ്രവർത്തനങ്ങളിലെ വ്യാപാര ഉടമ്പടികളും സാധാരണ ജനങ്ങളുടെ താല്പര്യങ്ങൾക്ക് നിരക്കുന്നതല്ല. സർക്കാർ പ്രവർത്തനങ്ങളും ചുമതലകളും കോർപ്പറേറ്റുകൾ പിടിച്ചടക്കുന്നത് ഭാവിക്ക് വലിയ ഭീഷണിയാണ്. അത് ജനങ്ങളുടെയും, തൊഴിലാളികളുടെയും സുസ്ഥിരമായ ജോലികളും, വരുമാന സുരക്ഷയും, മാന്യമായ ജീവിതവും നഷ്ടപ്പെടുത്തും.

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO) വ്യവസായ സമാധാനത്തിനും തൊഴിലാളികളുടെ താൽപ്പര്യ സംരക്ഷണത്തിനുമായി കഴിഞ്ഞ കാലങ്ങളിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. ഇതിനായി സ്വീകരിച്ചിട്ടുള്ള 190 ഓളം കൺവെൻഷനുകളും (തീരുമാനങ്ങൾ) 206 ഓളം നിർദ്ദേശങ്ങളും കൃത്യമായി അംഗ രാജ്യങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതെല്ലാം ഇന്ന് അട്ടിമറിക്കപ്പെടുന്നു. ഐ.എൽ.ഒ ഗവേണിംഗ് ബോഡിയിൽ തൊഴിലുടമകൾക്കും തൊഴിലാളികൾക്കും 14 അംഗങ്ങൾ വീതമുള്ളപ്പോൾ സർക്കാരുകൾക്ക് 28 അംഗങ്ങളെ നൽകിയിരിക്കുന്നു. ഇതുമൂലം ഗവൺമെന്റ് തൊഴിലുടമകളുമായി കൈകോർത്താൽ, ഗവേണിംഗ് ബോഡിയിലും ഐഎൽഒയുടെ അന്താരാഷ്ട്ര ലേബർ കോൺഫറൻസിലും ഭൂരിഭാഗം വോട്ടുകളും തൊഴിലുടമകൾക്ക് അനുകൂലമാകും. നമ്മൾ കഠിനമായ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത നേട്ടങ്ങൾ തകർക്കാൻ സർക്കാരുകളേയും കോർപ്പറേറ്റുകളേയും തൊഴിലാളികൾ അനുവദിക്കരുത്. ഭാവിയെക്കുറിച്ച് നാം വളരെ ജാഗ്രതയുള്ളവരായിരിക്കണം. സർക്കാരുകളുടെയും തൊഴിലുടമകളുടെയും സംയോജനവുമായി പൊരുത്തപ്പെടുന്ന ഏത് സാഹചര്യത്തെയും നേരിടാൻ ട്രേഡ് യൂണിയനുകൾ ഒരുമിക്കേണ്ടതുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം, ജോലികളുടെ സ്ഥിരം സ്വഭാവം, കാഷ്വൽ, കോൺട്രാക്ട് ആക്കി മാറ്റൽ, അസംഘടിതവൽക്കരണത്തിലൂടെ വേതനം കുറയ്ക്കൽ, ആണവവൽക്കരണവും സാങ്കേതിക മാറ്റങ്ങളും സ്വീകരിക്കൽ, വിതരണ ശൃംഖലയിലെ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ, അനൗപചാരിക സമ്പദ്ഭവ്യവസ്ഥ എന്നിവ തൊഴിലാളിവർഗത്തിന് ഭീഷണിയായി കണക്കാക്കപ്പെടുന്നു.

തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും അസംഘടിത മേഖലയിലാണ്. സർക്കാരും തൊഴിലുടമകളും ചെയ്യുന്ന അനീതിക്കെതിരെ പോരാടുന്നതിന് യൂണിയൻ അംഗത്വം ശക്തിപ്പെടുത്തണം. തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താനും ന്യായമായി ജീവിക്കാൻ കഴിയുന്ന വേതനത്തിനുമായി പോരാടേണ്ടതുണ്ട്. അതിന് തൊഴിലാളികളുടെ അന്തർദേശീയ വേദിയായ ഇന്റർ നാഷണൽ ട്രേഡ് യൂണിയൻ കോൺഫഡറേഷന് കഴിയട്ടെ എന്ന് ഞാൻ ആശിക്കുന്നു.

THE DALE VIEW PUNALAL
BE NOT WEARY IN WELL DOING
Since 1978
THE DALE VIEW
Be not weary in well doing

ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഫെഡറേഷന്റെ അന്തർദേശീയ സമ്മേളനത്തിൽ
ഡോ. ജി. സഞ്ജീവറെഡ്ഡി നടത്തിയ പ്രസംഗത്തിന്റെ മലയാള പരിഭാഷ
(പരിഭാഷപ്പെടുത്തിയത് : വി. ജെ. ജോസഫ്, ഐ.എൻ.റ്റി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറി)



**ആർ. ചന്ദ്രശേഖരൻ**
ഐ.എൻ.റ്റി.യു.സി.
സംസ്ഥാന പ്രസിഡന്റ്
ദേശീയ വൈസ് പ്രസിഡന്റ്

# തൊഴിലാളി ഐക്യം കാലം ആവശ്യപ്പെടുന്നു

**ബഹുഭൂരിപക്ഷം തൊഴിലാളികൾക്കും യാതൊരു നിയമവും ബാധകമല്ലാതാകുന്നു. സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശം നിഷേധിക്കുന്നു. പൊതുവിൽ വിലയിരുത്തിയാൽ ആധുനിക അടിമത്വത്തിലേക്ക് തൊഴിലാളികളെ തള്ളിവിടുന്നു**

ലോക ജനസംഖ്യാ കണക്ക്പ്രകാരം രാജ്യത്തെ 139 കോടി ജനങ്ങളിൽ 60% പേർ 18 നും 65 നും ഇടയിൽ പ്രായമുള്ളവരാണെന്ന് കണക്കാക്കപ്പെടുന്നു. ഇവർ 83 കോടി വരും. ഇതിൽ 75% അതായത് 62 കോടിയും സംഘടിത-അസംഘടിത മേഖലകളിലായി പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളാണ്. കാർഷിക, വ്യവസായ, ഖനന, വാണിജ്യ, ആരോഗ്യ, സാമ്പത്തിക, മത്സ്യ, മോട്ടോർ, പരമ്പരാഗത മേഖലകളിലും മറ്റ് സേവന രംഗത്തും പണിയെടുക്കുന്ന ഈ തൊഴിലാളികളുടെ അദ്ധ്വാന നേട്ടമാണ് രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനം അഥവാ GDP (Gross Domestic Product).

ഈ ഉല്പാദനവസ്തുക്കൾ സമൂഹത്തിൽ വിറ്റഴിക്കപ്പെടുമ്പോൾ ലഭ്യമാകുന്ന വിവിധ ഇനം നികുതികളാണ് രാജ്യത്തിന്റെ ഖജനാവ് നിറയ്ക്കുന്നത്. ധനമന്ത്രി 30 ലക്ഷം കോടിയുടെ ബഡ്ജറ്റ് അവതരണം പാർലമെന്റിൽ നടത്തുന്നതിന്റെയും, സമാനരീതിയിൽ സംസ്ഥാന നിയമസഭകളിൽ നടക്കുന്ന ബഡ്ജറ്റ് അവതരണത്തിന്റെയും പ്രേരകശക്തി തൊഴിലാളികളുടെ ഈ അദ്ധ്വാനവും ഉല്പാദനവും ആണ്. ഈ രീതിയിൽ സാമ്പത്തിക വളർച്ചയ്ക്കും സാമൂഹ്യ പുരോഗതിക്കും നിദാനമായി പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ എല്ലാ രീതിയിലും മെച്ചപ്പെടുത്തുവാനും, സംരക്ഷിക്കുവാനുമുള്ള ബാദ്ധ്യത രാഷ്ട്രീയ ഭരണകൂടങ്ങൾക്കും, ഉദ്യോഗസ്ഥർക്കും, പൊതുസമൂഹത്തിനുമുണ്ട്. ഇത് കൃത്യമായി മനസ്സിലാക്കിയ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങൾ തൊഴിലാളി സംരക്ഷണം എല്ലാ രീതിയിലും ഉറപ്പ് വരുത്തി കർശന നിയമങ്ങൾ നടപ്പിലാക്കി വരുന്നു.

അമേരിക്കയിലെ ഒരു തൊഴിലാളിയുടെ ഒരു മണിക്കൂർ ജോലിക്കുള്ള ഏറ്റവും കുറഞ്ഞ വേതനം 15.5 ഡോളർ ആണ്. അതായത് ഇന്നത്തെ ഇൻഡ്യൻ നിരക്കിൽ 1162 രൂപാ. ചുരുക്കത്തിൽ ഒരു ദിവസത്തെ ഒരു തൊഴിലാളിയുടെ വേതനം 9300




രൂപ. അതുപോലെ ചികിത്സയുടെയും വാർദ്ധക്യകാല സംരക്ഷണത്തിന്റെയും നിയമങ്ങൾ കർശനമാണ്. നിയമം ലംഘിച്ചാൽ എത്ര വലിയവരാണെങ്കിലും ക്രിമിനൽ നടപടി ക്രമങ്ങൾക്ക് വിധേയരാകേണ്ടി വരും. അമേരിക്കയിലെ ഇൻഡ്യൻ സ്ഥാനപതി കാര്യാലയത്തിലെ ഡെപ്യൂട്ടി കൗൺസിൽ ജനറൽ ആയ ഇന്ത്യൻ കഎട ഉദ്യോഗസ്ഥ ദേവയാനി തന്റെ വീട്ടിൽ ജോലി ചെയ്തുവന്നിരുന്ന ഇന്ത്യാക്കാരി സംഗീത എന്ന വീട്ടുവേലക്കാരിക്ക് അമേരിക്കയിലെ മിനിമം വേതനം നൽകിയില്ല എന്നതിന്റെ പേരിൽ 2013 ഡിസംബർ 11 ന് പോലീസ് അറസ്റ്റ് ചെയ്ത് ലോകമാകെ ചർച്ച ചെയ്യപ്പെട്ടതാണ്. ഇൻഡ്യൻ പ്രധാനമന്ത്രി ഇടപെട്ടിട്ടും കേസ്സിൽ നിന്നും ഒഴിവാക്കുവാൻ അമേരിക്ക തയ്യാറായില്ല. ഇതാണ് അവിടെ നടപ്പിലാക്കിവരുന്ന തൊഴിൽ നിയമം. എന്നാൽ ആഗോളവൽക്കരണത്തിന്റെ പെരുമ്പറ മുഴക്കുന്ന നമ്മുടെ രാജ്യത്ത് അതുണ്ടാകുന്നില്ല.

ഇവിടെ ശരിയായ രീതിയിൽ വേതനം നിശ്ചയിക്കപ്പെടുന്നില്ല. നിശ്ചയിക്കപ്പെടുന്നതുപോലും നൽകുന്നില്ല. നൽകാതിരുന്നാൽ യാതൊരു നടപടിയും ഇല്ല. നടപടിയായാൽ കോടതിയിൽ നിന്നും സ്റ്റേ വാങ്ങും. നിശ്ചയിച്ച കൂലി ചോദിച്ചാൽ, അതിനെതിരെ പരാതി നൽകിയാൽ, സമരം ചെയ്താൽ ആ തൊഴിലാളികളും, യൂണിയനുകളും വികസന വിരോധികളും, വിദ്ധ്വംസക പ്രവർത്തകരും ആയി ചിത്രീകരിക്കപ്പെടുന്നു. പത്ര-ദൃശ്യ സോഷ്യൽ മീഡിയ മാദ്ധ്യമങ്ങളിലൂടെ പരിഹസിക്കുന്നു. ഇത് മ്ലേച്ഛകരവും പ്രതിഷേധാർഹവും ആണെന്ന് പറയാതെ തരമില്ല.

ഒരു തൊഴിലാളി പണിയെടുക്കുമ്പോൾ അയാൾക്കും, പങ്കാളിക്കും, കുട്ടികൾക്കും, വൃദ്ധ മാതാപിതാക്കൾക്കും ആഹാരം, വസ്ത്രം, പാർപ്പിടം, വൈദ്യുതി, പാചക ഇന്ധനം, ടെലിഫോൺ, ഇന്റർനെറ്റ്, ടെലിവിഷൻ, ദേഹശുദ്ധി, പാദരക്ഷകൾ, വിദ്യാഭ്യാസം, വിവാഹചടങ്ങുകൾ, വിനോദം, മതവിശ്വാസ ആചാര ആഘോഷങ്ങൾ എന്നിവ മിതവും ന്യായവും ആയ നിലയിൽ നിർവ്വഹിക്കുവാൻ കഴിയുന്ന വേതനം ശാസ്ത്രീയമായി ആധുനിക കാലഘട്ടത്തിൽ നിർണ്ണയിച്ച് നടപ്പിലാക്കണം. ന്യായമായ കൂലി നിശ്ചയിക്കാതിരിക്കുന്നതും, നൽകാതിരിക്കുന്നതും ജീവിക്കാനുള്ള മനുഷ്യന്റെ അവകാശത്തെ നിഷേധിക്കുന്നതാണെന്ന് അന്തർദേശീയ പൊതുവേദികളായ ഐക്യരാഷ്ട്ര സഭയും, ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനും ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇന്ത്യയിലാണെങ്കിൽ ലേബർ കോടതി മുതൽ സുപ്രീംകോടതി വരെയുള്ള വിവിധ കോടതികൾ ഈ തത്വം അംഗീകരിച്ച് പലപ്രാവശ്യം വിധി പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ ഇതൊന്നും അംഗീകരിക്കാൻ തൊഴിലുടമകളും, ഉദ്യോഗസ്ഥരും, സർക്കാരുകളും തയ്യാറാകുന്നില്ല. വികസനത്തിനും സമഗ്ര വികസനത്തിനും തൊഴിലാളി ചൂഷണം അനിവാര്യമാണെന്ന പരസ്യ നിലപാടിലാണിവർ.

തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ മാത്രമായി 19-ാം നൂറ്റാണ്ടിൽ ആഗോളതലത്തിൽ രൂപീകരിക്കപ്പെട്ടതാണ് ട്രേഡ് യൂണിയൻ. ഇൻഡ്യയിൽ സ്വാതന്ത്ര്യസമരത്തിന് മുമ്പ് മുതൽ തൊഴിലാളികളുടെ അവകാശസമരങ്ങൾ ആരംഭിച്ചിരുന്നു. ഇതിലൂടെ നേടിയെടുത്ത നേട്ടങ്ങളിൽ പ്രധാനമാണ് 1926 ലെ ട്രേഡ് യൂണിയൻ നിയമം. നൂറുവർഷം പിന്നിട്ട ഇൻഡ്യൻ തൊഴിലാളി പ്രവർത്തനം വിവിധ പേരുകളിൽ വ്യത്യസ്ത ആശയങ്ങളിലായി പ്രവർത്തിക്കുന്നു. ആശയങ്ങളും, മാർക്ഷങ്ങളും വ്യത്യസ്തങ്ങളാണെങ്കിലും ലക്ഷ്യം ഒന്നുതന്നെയാണ്.

പ്രകൃതിക്ഷോഭം, രോഗമഹാമാരി, സാമ്പത്തിക തകർച്ച, വിഘടന - വർക്ഷീയ കലാപം, ഭരണവൈകല്യം, രാഷ്ട്രീയ ദുർനയങ്ങൾ തുടങ്ങി സമൂഹം നേരിടുന്ന ഏത് പ്രതിസന്ധികളിലും ദുരിതം അനുഭവിക്കുന്നതും, ഇരകളായി മാറുന്നതും തൊഴിലാളികളാണ്. ഈ സന്ദർഭങ്ങളിൽ പ്രത്യക്ഷപ്രതിരോധ കവചവും, സാമൂഹിക പ്രവർത്തനങ്ങളും ആയി ആവേശപൂർവ്വം രംഗത്തിറങ്ങുന്നത് തൊഴിലാളി മനസ്സും അവരുടെ ശരീരവും ആണ്. ഭരണകൂടചെയ്തികൾ ജനവിരുദ്ധമായി മാറുമ്പോൾ ഐക്യത്തിന്റെ പാതയൊരുക്കി പ്രതികരിച്ചിട്ടുള്ളതും, പ്രതികരിക്കാൻ കഴിയുന്നതും തൊഴിലാളികൾക്കാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

18-ാം ശതകത്തിലെ അമേരിക്കൻ സ്വാതന്ത്ര്യസമരവും, ഫ്രഞ്ച് വിപ്ലവവും, 19-ാം നൂറ്റാണ്ടിലെ അമേരിക്കൻ ആഭ്യന്തര യുദ്ധവും, 20-ാം നൂറ്റാണ്ടിലെ റഷ്യൻ വിപ്ലവവും, ചൈനീസ് വിപ്ലവവും, ഇൻഡ്യൻ സ്വാതന്ത്ര്യസമരവും ഈ വസ്തുത ബോദ്ധ്യപ്പെടുത്തുന്നു. ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയ ജനാധിപത്യലോക ഭരണകൂടങ്ങൾ തൊഴിലാളികളുടെ ജീവിതത്തിന് ഒരുപരിധിവരെ കരുതൽ നൽകിയിരുന്നു. അതിന്റെ ഫലമായിട്ടാണ് കാലാകാലങ്ങളിലെ സേവന-വേതന നിർണ്ണയങ്ങളും, സാമൂഹ്യസുരക്ഷാ പദ്ധതികളും തൊഴിലാളികൾക്ക് അനുഭവവേദ്യമായത്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ 1919 ൽ സ്ഥാപിതമായതും ഇതിന്റെ ഭാഗമാണ്.

സാമൂഹ്യ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയ സ്വതന്ത്രഭാരത്തിലെ ഭരണഘടനാ ശില്പികൾ തൊഴിലാളികളുടെ ജീവി




തത്തിന് നല്ല ശ്രദ്ധ നൽകിയിരുന്നു. ഏതൊരു തൊഴിലാളിക്കും കുടുംബത്തിനും ജീവിക്കാനാവശ്യമായ വേതനവും, ആനുകൂല്യങ്ങളും ലഭ്യമാക്കാൻ രാജ്യം പരിശ്രമിക്കണമെന്നും, അവകാശ സമരങ്ങൾ തൊഴിലാളികളുടെ മൗലീകാവകാശമാണെന്നും ഭരണഘടനയിൽ ഉൾപ്പെടുത്തുവാൻ അവർ ശ്രദ്ധിച്ചു. ഇതനുസരിച്ച് മിനിമം വേതനം, ഇ.എസ്.ഐ, പ്രൊവിഡന്റ് ഫണ്ട്, ബോണസ്സ്, ഗ്രാറ്റുവിറ്റി, കോമ്പൻസേഷൻ, സ്ത്രീസംരക്ഷണം, ബാലവേലനിരോധനം, അടിമവേല നിരോധനം, സാമൂഹ്യസുരക്ഷ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങളുടെ സംരക്ഷണത്തിനായി 44 ഓളം കേന്ദ്രനിയമങ്ങളും 300 ൽപരം സംസ്ഥാന നിയമങ്ങളും നിലവിൽ വന്നു.

എന്നാൽ ഈ നിയമസംരക്ഷണങ്ങളെല്ലാം തൊഴിലാളികൾക്ക് ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. എളുപ്പത്തിലുള്ള ബിസ്സിനസ്സ് (ease of doing business) എന്ന ആഗോളനയത്തിന്റെ ആവേശത്തിലാണ് ഭരണകൂടങ്ങൾ. ഇതിനായി നിയമങ്ങളെല്ലാം ദുർബലപ്പെടുത്തി ഇല്ലായ്മ ചെയ്യുന്നു. ഇതാണ് 4 പുതിയ ലേബർ കോഡുകളിലൂടെ കേന്ദ്രസർക്കാർ ഇപ്പോൾ ചെയ്തിരിക്കുന്നത്. വികസനത്തിന്റെയും, സമഗ്രവികസനത്തിന്റെയും പെരുമ്പറ മുഴക്കിയാണ് ഈ തൊഴിലാളിവിരുദ്ധ നടപടികൾ സ്വീകരിക്കുന്നത്. ഈ മാറ്റങ്ങളിലൂടെ സ്ഥിരം ജോലികൾ ഇല്ലാതായിരിക്കുന്നു. ബഹുഭൂരിപക്ഷം തൊഴിലാളികൾക്കും യാതൊരു നിയമവും ബാധകമല്ലാതാകുന്നു. സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശം നിഷേധിക്കുന്നു. പൊതുവിൽ വിലയിരുത്തിയാൽ ആധുനിക അടിമത്വത്തിലേക്ക് തൊഴിലാളികളെ തള്ളിവിടുന്നു. ഈ നടപടികൾ ഐക്യരാഷ്ട്രസഭയുടെയും, ഐ.എൽ.ഒ.യുടെയും പൊതുതത്വങ്ങൾക്കും നിർദ്ദേശങ്ങൾക്കും എതിരായിട്ടുള്ളതാണ്. ഇൻഡ്യ കൂടി അംഗമായ ഈ അന്താരാഷ്ട്ര വേദികളെപോലും ലജ്ജിപ്പിക്കുന്ന നടപടികളാണ് തൊഴിൽ രംഗത്ത് കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾ നടത്തിവരുന്നത്.

സോഷ്യലിസം സാമ്പത്തിക ക്രമീകരണ വ്യവസ്ഥയായി അംഗീകരിച്ചിരുന്ന ചൈന 1980 മുതൽ പൂച്ച കറുത്തതോ വെളുത്തതോ എന്ന് നോക്കണ്ട എലിയെ പിടിക്കുന്നുണ്ടോ എന്ന് നോക്കിയാൽ മതിയെന്ന പുത്തൻ നയത്തിലൂടെ കാപ്പിറ്റലിസത്തിന്റെ പാതയിലേക്ക് തിരിഞ്ഞു. ഇതിന് പിന്നാലെ 1985 മുതൽ മറ്റൊരു സോഷ്യലിസ്റ്റ് രാജ്യമായിരുന്ന സോവിയറ്റ് യൂണിയനും, ഗ്ലാസ്നോസ്റ്റും, പെരിസ്ട്രോയിക്കയുമായി കാപ്പിറ്റലിസത്തിന്റെ രീതിയിലേയ്ക്ക് സാമ്പത്തികരംഗത്തെ മാറ്റി. ലോകത്തിലെ രണ്ട് പ്രധാന സോഷ്യലിസ്റ്റ് ശക്തികളെ വരുതിയിലാക്കാൻ കഴിഞ്ഞ അമേരിക്കൻ യൂറോ ക്യാപ്പിറ്റലിസ്റ്റ് സമൂഹം ഫാബിയൻ സോഷ്യലിസത്തിന്റെ (സമ്മിശ്രസമ്പദ് വ്യവസ്ഥ) പ്രയോക്താക്കളായിരുന്ന ഇൻഡ്യയ്ക്ക് നേരെയും കെണിയൊരുക്കി. 1990 ൽ അന്നുവരെ സാധാരണക്കാർ കേട്ടിട്ടില്ലാത്ത ബാലൻസ് ഓഫ് പെയ്മെന്റ് വിഷയം ഉയർത്തി ഇൻഡ്യയെ ഭീഷണിപ്പെടുത്തി. ചന്ദ്രശേഖർ എന്ന പ്രധാനമന്ത്രി ദുർബല രാഷ്ട്രീയ സംവിധാനത്തിൽ രാജ്യം ഭരിച്ചപ്പോൾ ഭീഷണി ഭയമായി മാറ്റുവാൻ എളുപ്പമായി. രാജ്യത്തിന്റെ കരുതൽ ശേഖരത്തിൽ നിന്നും 67 ടൺ സ്വർണ്ണം വിദേശ ബാങ്കുകളിൽ പണയം വയ്ക്കപ്പെട്ടു. രാജ്യത്തിന്റെ സാമ്പത്തിക നയങ്ങളിൽ മാറ്റം വരുത്താമെന്ന കരാറും വിദേശ കാപ്പിറ്റലിസ്റ്റുകൾക്ക് മുമ്പിൽ ഒപ്പുവച്ചു.

ഗുരുതര പ്രതിസന്ധിയിലായ ഇൻഡ്യ കരാർ പ്രകാരമുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ 1991 മുതൽ നടപ്പിലാക്കാൻ നിർബന്ധിതരായി. ആഗോള വിപണിയുടെയും, ഉദാരവൽക്കരണത്തിന്റെയും കാറ്റ് ഇവിടെയും വീശി അടിച്ചു. ഇന്ന് ഈ പരിഷ്ക്കാരങ്ങളും നയങ്ങളും ഒരു തീവ്ര ചുഴലിക്കാറ്റായി മാറി വിലക്കയറ്റത്തിന്റെയും തൊഴിൽ അസ്വസ്ഥതകളുടെയും വ്യവസായ - വാണിജ്യ തകർച്ചകളുടെയും തൊഴിലില്ലായ്മയുടെയും രൂപത്തിൽ സംഹാരതാണ്ഡവമാടുന്നു.

ഈ പുത്തൻ നയങ്ങൾ 30 വർഷം പിന്നിടുമ്പോൾ 7 ലക്ഷത്തോളം കമ്പനികൾ അടച്ചു പൂട്ടപ്പെട്ടു. 1991 ൽ 1 ലിറ്റർ പെട്രോളിന് 15 രൂപയായിരുന്നത് ഇന്ന് 110 രൂപയായി മാറി. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമതീതമായി ഉയർന്നു. കാർഷികോൽപ്പന്നങ്ങൾക്ക് ശരിയായ വില ഇല്ലാതായി. തൊഴിലാളികൾക്ക് ജോലിയും കൂലിയും ഇല്ല. അനിയന്ത്രിത ഇറക്കുമതി തദ്ദേശീയ വ്യവസായങ്ങളെ തകർത്തു. വെട്ടിപ്പും, തട്ടിപ്പും, കുംഭകോണങ്ങളും വ്യാപകമായി. സഹസ്രകോടികളുടെ ബാങ്ക് കബളിപ്പിക്കൽ നിത്യ സംഭവങ്ങളായി. അധികാര കേന്ദ്രങ്ങൾ അഴിമതിയുടെ കേന്ദ്ര ബിന്ദുവായി മാറി. മനുഷ്യ ജീവിത മൂല്യങ്ങൾ ആകെ തകർന്നു. സാംസ്കാരിക അധഃപതനത്തിന്റെ നേർക്കാഴ്ചകളാണ് എവിടെയും കാണുന്നത്. ചുരുക്കത്തിൽ ജനാധിപത്യം, പണാധിപത്യവും, മതാധിപത്യവും ആയി മാറി എന്നതാണ് ഇന്നത്തെ നേർകാഴ്ച.

ഈ ജീവിത ദുരിത പ്രതിസന്ധിയെ നേരിടുവാൻ പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികൾക്ക് മാത്രമേ കഴിയൂ. അതിനാൽ രാഷ്ട്രീയ ആശയാഭിപ്രായങ്ങൾക്കും, ജാതിമതവർക്ഷ ചിന്തകൾക്കും ഉപരിയായി തൊഴിലാളികളുടെയും, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെയും ഐക്യനിര ഉയർന്ന് വരണം. 2009 മുതൽ രാജ്യത്തെ തൊഴിലാളികൾ ഐക്യത്തിന്റെ പാതയിൽ പ്രക്ഷോഭരംഗത്താണ്. ഈ ഐക്യവും പ്രക്ഷോഭവും ശക്തമായി മുന്നേറണം. അതിലൂടെ മാത്രമേ കാപ്പിറ്റലിസത്തിന്റെ അധിനിവേശത്തിനും, ക്രോണി കാപ്പിറ്റലിസത്തിന്റെ കീഴടക്കലുകൾക്കും, സൂഷ്മ കൊള്ളയടിക്കും (Micro looting) അന്ത്യം കുറിക്കാൻ കഴിയൂ. ഇവിടെ വേണ്ടത് നെഹ്റുവിന്റെ ഫാബിയൻ സോഷ്യലിസ്റ്റ് നയങ്ങളാണ്. ആധുനിക കാലഘട്ടത്തിന് അനുസൃതമായി ഈ നയം പരിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഭരണകൂടം ചെയ്യേണ്ടത്. നിലവിലെ ലോക സാമ്പത്തിക വിദഗ്ദ്ധരും ഈ ആശയം മുന്നോട്ട് വയ്ക്കുന്നു. ഇതിനായി തൊഴിലാളികളും തൊഴിലാളി പ്രസ്ഥാനങ്ങളും ഒരേ മനസ്സോടെ ഈ ഒരു ലക്ഷ്യത്തിനായി പ്രവർത്തിക്കണം. അതാണ് കാലം തൊഴിലാളികളോട് ഇന്നാവശ്യപ്പെടുന്നത്. ■

THE DALE VIEW PUNALAL
BE NOT WEARY IN WELL DOING
Since 1978
THE DALE VIEW
Be not weary in well doing


Call: 95447 74466
95447 74499

# RIGHT WHERE YOU NEED IT. ALL THAT YOU NEED.

1,2 & 3 BHK OPTIONS

PRS
PARAM RATNA
THYCAUD, TRIVANDRUM

TRIVANDRUM'S 1st APARTMENT PROJECT WITH MEDICAL ASSISTANCE



K-RERA Reg. No.- K-RERA/PRJ/286/2020

PRS GROUP

**PRS Builders**
CONSTRUCTION | HEALTH CARE | HOSPITALITY | EDUCATION | RETAIL

M. G. Road, Trivandrum-01
0471 2330880, www.prsbuilders.com

CREDAI





**വി. സുന്ദരേശ പണിക്കർ**
**മുൻ നിയമസഭ ലൈബ്രേറിയൻ**

# നിയമനിർമ്മാണസഭ

## ഒരു തിരിഞ്ഞുനോട്ടം

കേരള നിയമസഭയുടെ ആദ്യരൂപം 1904 ഒക്ടോബർ 21 ന് ആരംഭിച്ച ശ്രീമൂലം പ്രജാസഭയാണ്. ഇതാണ് ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽ ആദ്യത്തെ നിയമനിർമ്മാണ സഭ. ഇതിന് മുമ്പ് 1888 ൽ ന്യായ നിബന്ധനകളും, റെഗുലേഷനുകളും തയ്യാറാക്കുന്നതിനായി ഇതേ രാജാവ് 8 അംഗ ലജിസ്ലേറ്റീവ് കൗൺസിലിന് രൂപം നൽകിയിരുന്നു. ഇതിൽ 5 ഔദ്യോഗിക അംഗങ്ങളും 3 അനൗദ്യോഗിക അംഗങ്ങളുമായിരുന്നു,

അക്കാലത്ത് തദ്ദേശവാസികൾക്ക് ഉന്നത ഉദ്യോഗങ്ങളിൽ അവസരം നിഷേധിച്ചിരുന്നു. അവർക്ക് ഭരണകാര്യങ്ങളിൽ യാതൊരു പങ്കാളിത്വവും ഉണ്ടായിരുന്നില്ല. ഇതിൽ മാറ്റം വരുത്തുവാനായി 1891 ൽ പതിനായിരം പേർ ഒപ്പിട്ട നിവേദനം രാജാവിന് സമർപ്പിച്ചു. ഈ ബഹുജനനീക്കം മലയാളി മെമ്മോറിയൽ എന്ന് അറിയപ്പെട്ടു. ഇതിന് പിന്നാലെ തീർത്തും അവഗണിക്കപ്പെട്ടിരുന്ന ഈഴവ സമുദായം അവരുടെ അവകാശ സംരക്ഷണത്തിനായി ഈഴവ മെമ്മോറിയൽ എന്ന പേരിൽ മറ്റൊരു നിവേദനവും സമർപ്പിച്ചു. ഈ നിവേദനങ്ങൾ ഒന്നും ഫലം കണ്ടില്ല. എന്നാൽ ഒരു ജനകീയ ഐക്യപ്രക്ഷോഭം രൂപപ്പെടുമെന്ന് മനസ്സിലാക്കിയ രാജാവ് ജനങ്ങൾക്ക് ഭരണത്തിൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ ദിവാന് കല്പന നൽകി.

ഇതിനിടയിൽ തിരുവിതാംകൂർ രാജാവ് മൈസൂർ രാജാവിനെ സന്ദർശിച്ച് ആശയവിനിമയം നടത്തി. 1882 ൽ മൈസൂരിൽ ആരംഭിച്ച മൈസൂർ റെപ്രസന്റേറ്റീവ് ബോഡിയുടെ ആരംഭവും പ്രവർത്തനരീതികളും അദ്ദേഹം ശ്രീമൂലം രാജാവിന് കൈമാറി. പ്രത്യക്ഷത്തിൽ കേവലം ഒരു ഉപദേശക സമിതി മാത്രമായിരുന്നു ഇത്. എന്നാൽ കുറച്ചുകൂടി പുരോഗമനാത്മകമായി ഒരു പ്രജാസഭാ രൂപീകരണത്തിനായി ഉത്തരവ് പുറപ്പെടുവിക്കുവാൻ രാജാവ് ദിവാന് ഇവിടെ നിർദ്ദേശം നൽകി. ഇതനുസരിച്ച് 1904 ഒക്ടോബർ 1 ന് ആലുവാ ഗസ്റ്റ് ഹൗസിലെ സർക്യൂട്ട് ഹൗസിൽ വച്ച് ദിവാൻ ശ്രീമൂലം പ്രജാസഭാ രൂപീകരണ വിളംബരം പുറപ്പെടുവിച്ചു.

ജന്മിമാർ, വ്യവസായികൾ, തൊഴിലാളികൾ, കർഷകർ, സമുദായക്കാർ എന്നിവരുടെ പ്രതിനിധികളും, വിവിധ വകുപ്പ് മേധാവികളും, പ്രമുഖ ഉദ്യോഗസ്ഥരും ഉൾപ്പെടെ 100 അംഗങ്ങളുടെ സഭയായിരുന്നു പ്രഥമ പ്രജാസഭ. ഈ സഭയുടെ പ്രഥമ സമ്മേളനം ദിവാൻ വി.പി. മാധവറാവുവിന്റെ അദ്ധ്യക്ഷതയിൽ 1904 ഒക്ടോബർ 22 ന് രാവിലെ 11 മണിക്ക് തിരുവനന്തപുരത്തെ വി.ജെ.ടി ഹാളിൽ (ഇന്നത്തെ അയ്യങ്കാളി മെമ്മോറിയൽ ഹാൾ) നടന്നു.

ഭരണപരമായ കാര്യങ്ങളിൽ ജനങ്ങളുടെ പൊതു അഭിപ്രായങ്ങളും, പുതിയ നിർദ്ദേശങ്ങളും സ്വീകരിക്കുക എന്നതായിരുന്നു ഈ സഭയുടെ പ്രധാന ലക്ഷ്യം. കാലാകാലങ്ങളിൽ സർക്കാർ കൈക്കൊള്ളുന്ന ജനക്ഷേമ നടപടികൾ എത്രമാത്രം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നു എന്നും പോരായ്മകൾ എന്തൊക്കെയെന്നും മനസ്സിലാക്കുവാനുള്ള അവസരമായും ഈ സഭയുടെ പ്രവർത്തനങ്ങളെ കണ്ടു. പ്രതിനിധികൾ ഉന്നയിച്ചുവന്ന ആക്ഷേപ അഭിപ്രായങ്ങൾക്ക് ദിവാൻ കൃത്യമായ മറുപടി നൽകുകയും നിർദ്ദേശങ്ങളിന്മേൽ ഉറപ്പുകളും നൽകിയിരുന്നു. സർക്കാരിന്റെ കണക്കുകളും, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളും സഭയിൽ അവതരിപ്പിച്ചിരുന്നു.



# MOTHER THERESA FOUNDATION OF INDIA

UNDER **MATHA PARA MEDICAL**

& SKILL DEVELOPMENT CENTER

S Kovil Rd, Thampanoor, Trivandrum (Near Housing Board Building)



## എന്തിനു പോകണം മറ്റു സംസ്ഥാനങ്ങളിലേക്ക്...

UGC അംഗീകൃത യൂണിവേഴ്സിറ്റി പാരാമെഡിക്കൽ DIPLOMA/ BSc/MSc കോഴ്സുകൾ ഉള്ളപ്പോൾ...

**തൊഴിലറിവ് നേടൂ .... തൊഴിൽ നേടൂ....**

UGC അംഗീകൃത യൂണിവേഴ്സിറ്റി DEGREE/DIPLOMA കോഴ്സുകൾ

**2021 അഡ്മിഷൻ തുടരുന്നു...**

(GIRLS) മികച്ച ഹോസ്റ്റൽ സൗകര്യം

ELIGIBILITY: SSLC, +2 ,VHSE & ABOVE

- B.Sc/DIPLOMA IN MEDICAL LABORATORY TECHNOLOGY
- B.Sc/ DIPLOMA IN RADIO IMAGINE TECHNOLOGY
- B.Sc/DIPLOMA IN OPERATION THEATRE TECHNOLOGY
- DIPLOMA IN ANESTHESIA
- DIPLOMA IN DIALYSIS
- DIPLOMA IN PHARMACY ASSI
- ANM
- GNM
- MSc

- ഉന്നത പഠനത്തിന് യോഗ്യതയുള്ള കോഴ്സുകൾ
- ലോൺ സൗകര്യം
- പ്ലേസ്മെന്റ് ഫെസിലിറ്റി
- മികച്ച ലാബോറട്ടറി
- വിദഗ്ധ അദ്ധ്യാപകരാൽ തികഞ്ഞ അച്ചടക്കത്തോടെ നടത്തപ്പെടുന്ന ക്ലാസുകൾ സെമിനാറുകൾ, സ്റ്റഡി ടൂർ ...
- സ്റ്റൈഫന്റോടു കൂടിയ പ്രാക്ടിക്കൽ സൗകര്യം

DPMI · Skill India

21 ാം വർഷത്തിലേക്ക്...

mathacollegeofmedicaltech@gmail.com
www.mathacollege.com

0471 2293616, 9387111808
7306720141, 7907568820

ആദ്യ സമ്മേളനത്തിന് ശേഷം ഓരോ വർഷവും രാജാവിന്റെ ജന്മദിനാഘോഷങ്ങൾ കഴിഞ്ഞാലുടനെ കന്നിമാസത്തിൽ പ്രജാസഭാ സമ്മേളനം ചേരുന്ന കീഴ്‌വഴക്കവും പ്രാബല്യത്തിലായി. 1904 മുതൽ 1932 വരെ ഈ രീതിയിൽ 28 സമ്മേളനങ്ങൾ നടന്നു. ശ്രീമൂലം രാജാവ് മരണപ്പെട്ട ശേഷം അധികാരത്തിൽ വന്ന ചിത്തിരതിരുനാൾ രാജാവ് പ്രജാസഭയ്ക്ക് അസംബ്ലി എന്ന പേര് നൽകി അധോമണ്ഡലമെന്നും, പഴയ ലജിസ്ലേറ്റീവ് കൗൺസിലായ ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിലിന് ഉപരിമണ്ഡലമെന്നും പേര് ചാർത്തി. ദ്വിമണ്ഡല സഭ പ്രാബല്യത്തിലായി. സ്വതന്ത്ര്യ ഇൻഡ്യയിൽ 1947 ൽ ഉത്തരവാദിത്വ ഭരണം പ്രഖ്യാപിക്കപ്പെട്ടതോടെ ഈ സഭകൾക്ക് പകരം ജനകീയ തിരഞ്ഞെടുപ്പ് നടക്കുകയും പട്ടം എ. താണുപിള്ള പ്രധാനമന്ത്രിയും ആയി.

1956 ൽ കേരള സംസ്ഥാനം രൂപീകരിക്കപ്പെടുമ്പോൾ നിയമസഭ നിലവിലുണ്ടായിരുന്നില്ല. 1957 ൽ നടന്ന പൊതുതിരഞ്ഞെടുപ്പിലൂടെ പ്രഥമ ജനകീയ കേരള നിയമസഭ നിലവിൽവന്നു. 15-ാം കേരള നിയമസഭയാണ് 2021 മുതൽ തുടർന്ന് വരുന്നത്. 1888 ൽ ആരംഭിച്ച എട്ടംഗസഭ മുതൽ 2021 ൽ എത്തിനിൽക്കുമ്പോൾ 6000 ത്തോളം സാമാജികർ കേരള നിയമനിർമ്മാണ സഭയുടെ ചരിത്രത്തിൽ തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചിട്ടുണ്ട്.

നമ്മുടെ ജനാധിപത്യത്തിന്റെ സമാനതകളില്ലാത്ത മൂന്നു നെടുതൂണുകളാണ് നിയമനിർമ്മാണസഭകളും, ഭരണനിർവ്വഹണ വിഭാഗവും, കോടതികളും. ഇവ പരസ്പര പൂരകങ്ങളായി വർത്തിക്കണമെന്ന് ഭരണഘടന വിവക്ഷിക്കുന്നു. നിയമസഭകളുടെ ചരിത്രം തുടങ്ങുന്നത് സ്വാതന്ത്ര്യാനന്തരമല്ല. മനുഷ്യന് സാമൂഹികാവബോധവും, പരസ്പരം സന്മനസ്സോടു കൂടിയ സഹകരണവും ഉണ്ടായകാലം മുതൽക്കുതന്നെ ജനകീയ സഭകളെപ്പറ്റി അവർ ചിന്തിച്ചിരിക്കണം. പുരാണകഥകളിലെ രാമരാജ്യവും, ഗ്രീസിലെ നഗരരാഷ്ട്രങ്ങളും, റോമൻ സെനറ്റുകളുമൊക്കെ ഉണ്ടായത് അങ്ങനെയാകാം. നമ്മുടെ നാട്ടിലെ നാട്ടുകൂട്ടങ്ങളും ഇതിന്റെ മറ്റൊരുദാഹരണമാണ്. ഏഥൻസിലെ ജനകീയ പരമാധികാരസഭ ഏതാനും വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് സോക്രട്ടീസിന് മരണശിക്ഷ വിധിച്ചത്. രാജഭരണകാലത്ത് ജനക്ഷേമകരമായ ഏതെങ്കിലും നിയമങ്ങൾ ഉണ്ടാക്കുന്നുവെങ്കിൽ അത് രാജാവിന്റെ ഔദാര്യമാണെന്ന് രാജാവ് കരുതിയിരുന്നു. ജനായത്തഭരണക്രമത്തിലേയ്ക്ക് ചുവടുമാറിയപ്പോൾ ജനക്ഷേമ നിയമനിർമ്മാണവും തദനുബന്ധകർമ്മ പരിപാടികളും ഔദാര്യമല്ല മറിച്ച് അവകാശമാണ് എന്ന കാഴ്ചപ്പാട് പ്രബലപ്പെട്ടു.

# ഗാന്ധി ശില്പം





ഷുബീല

ശൂന്യതയിൽ നിന്നു പടുത്തതാണിന്ത്യയെ
ഗാന്ധിയെന്ന ത്യാഗശില്പം!

അറിയണം ചരിത്രം
അതിരുകൾക്കായ് പോരടിച്ചപ്പോഴും
അലയുകയായിരുന്നു ചേരികൾ തോറും
ആയുധം സഹനമാക്കി ആ വൃദ്ധൻ

ഇന്നുമുണ്ട് ചേരികൾ... സൽപ്പേര് നേടണം
മതിലുകെട്ടണം...മറച്ചു കാട്ടണം ചേരികൾ..

അക്ഷരങ്ങൾ അന്യമായിരുന്നു
ശാസ്ത്രവും ടെക്നോളജിയും---
അജ്ഞാത ദൈവങ്ങളൊഴുക്കും
ചോരയാൽ മറഞ്ഞിരുന്നു...
മരണക്കിണറുകൾ മലർക്കെത്തുറന്നിരുന്നു....

കത്തിയിട്ടില്ലായിരുന്നു തെരുവുവിളക്കുകൾ
ചിറകടിച്ചുയർന്നിട്ടില്ലായിരുന്നു
റഫേലും സുഖോയും മിഗും മിറാഷുമൊന്നും
സർജിക്കൽ സ്ട്രൈക്കുമില്ലായിരുന്നു.....

നിരോധിക്കുവാൻനോട്ടുകെട്ടുകളില്ലാ -
യിരുന്നു......... പഴന്തുണിക്കീശയിൽ
വെറും ചക്രങ്ങൾ മാത്രം...
അവിടെനിന്നുരുണ്ടു കയറിയതാണിന്ത്യ
ഇന്ന് കാണും ബഹുനില മാളുകളിലേക്ക്...

അറിഞ്ഞു മാറ്റുവാനടുക്കുമ്പോളോർക്കുക
മാറ്റിപ്രതിഷ്ഠിക്കാനാകുമോ
ഈ മണ്ണിൽ നിന്ന് -----?
മായിച്ചുകളയുവാനാകുമോ
ഇന്ത്യതൻ മനസ്സിൽ നിന്ന് ---ഗാന്ധി ശില്പം?

മറക്കേണ്ട നാം.......
ഒരു ദണ്ഡിന്മേൽ താങ്ങിയാവൃദ്ധൻനടന്നു,
ചരിത്രം തിരുത്തി, തലമുറകൾക്കു-
സമർപ്പിച്ച ത്യാഗമാണീ ഇന്ത്യ!

THE DALE VIEW
Be not weary in well doing

# ട്രസ്റ്റിഷിപ്പ് : ബദൽ വികസനത്തിന്റെ മന്ത്രാക്ഷരി



അജിത് വെണ്ണിയൂർ

ഒരു കാലത്ത് ലോകമാകെ ഉത്സവതിമിർപ്പോടെ വരവേറ്റ പ്രതിഭാസമാണ് വ്യവസായവൽക്കരണം. മാനവരാശിയുടെ മോചനമാർഗമായി അതിനെ ഏവരും വാഴ്ത്തി. അതിലൂടെ ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ മോചനം പലരും സ്വപ്നം കണ്ടു.

ശാസ്ത്ര സാങ്കേതികരംഗങ്ങളിലെ അത്യത്ഭുതകരമായ മുന്നേറ്റം ആ പ്രതിഭാസത്തിന്റെ വേഗവും ആക്കവും വർധിപ്പിച്ചു. അത് സമ്പദ്മേഖലയിൽ രണ്ട് ഉപോല്പന്നങ്ങൾക്ക് ജന്മം നൽകി– സമ്പത്തിന്റെ കേന്ദ്രീകരണവും അധീശത്വവും. മുതലാളിത്ത വ്യവസ്ഥയിൽ ചൂഷണോപാധിയായിരുന്ന ആ വിപത്തുകൾ ലോകസമ്പദ്ഘടനയിൽ പുതിയ പരിവേഷത്തോടെ ആധിപത്യമുറപ്പിച്ചു.

സമ്പത്തിന്റെ കേന്ദ്രീകരണം ഉച്ചനീചത്വങ്ങൾക്ക് ഇടയാക്കുമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. പക്ഷേ, അത് അനിവാര്യമാണെന്നും ആ സമ്പത്ത് സമൂഹത്തിന്റെ നന്മയ്ക്ക് ഉപോഗിക്കത്തക്കവിധം ഭരണകൂടത്തിന് അതിന്മേൽ നിയന്ത്രണം ഉണ്ടാവണമെന്നും ഒരു വിഭാഗം സമർത്ഥിച്ചു.

വ്യവസായങ്ങൾ സർക്കാർ ഉടമസ്ഥതയിൽ കൊണ്ടുവന്ന് മുതലാളിത്തത്തിന്റെ ദൂഷ്യങ്ങളെ ഇല്ലാതാക്കാമെന്ന് മറ്റൊരു കൂട്ടർ ചിന്തിച്ചു. സമ്പത്തിന്റെ എല്ലാ ഘടകങ്ങളിലും സർക്കാരിന്റെ നിയന്തണവും അധികാരവും ഉറപ്പാക്കുന്ന സോഷ്യലിസ്റ്റ് കമ്യൂണിസ്റ്റ് ചിന്താഗതികളും പ്രബലമായി. ലോകത്തിന്റെ പല ഭാഗങ്ങളിലും ഈ വഴിക്കുള്ള അന്വേഷണങ്ങളും പരീക്ഷണങ്ങളും നടന്നു.

### വിഭിന്നമായ ശബ്ദം

തികച്ചും വിഭിന്നമായ ഒരു ശബ്ദം കേട്ടത് മഹാത്മാഗാന്ധിയിൽ നിന്നായിരുന്നു. വ്യവസായങ്ങളുടേയും അതിനെ

അടിസ്ഥാനപ്പെടുത്തിയുള്ള സമ്പദ്‌വ്യവസ്ഥയുടേയും നിയന്ത്രണം സർക്കാരിലാവുന്നത് ഉദ്ദേശിക്കുന്ന ഫലം ചെയ്യില്ലെന്ന് അദ്ദേഹം ദീർഘദർശനം ചെയ്തു. സർക്കാർ മറ്റൊരു മുതലാളിയായി മാറാൻ മാത്രമേ അത് സഹായിക്കൂ. മുതലാളിത്തത്തിന്റെ സർവദൂഷ്യങ്ങളും നിലനിൽക്കുകയും അതേസമയം മുതലാളിത്തത്തിലുണ്ടാവുന്ന കാര്യക്ഷമതയ്ക്ക് സർക്കാർ ഉടമസ്ഥതയിൽ കുറവുണ്ടാവുകയും ചെയ്യും.

വിപ്ലവാത്മകമായ മറ്റൊരു ചിന്താഗതി ഗാന്ധിജി അവതരിപ്പിച്ചു-ട്രസ്റ്റിഷിപ്പ്. എല്ലാ വ്യവസായങ്ങളും സമ്പത്തും സമൂഹത്തിന്റേതായി മാറുക. സമൂഹത്തിലെ ഓരോ വ്യക്തിക്കും അതിന്മേൽ നിയന്ത്രണവും താല്പര്യവും ഉണ്ടായിരിക്കുക. താൻ കൈകാര്യം ചെയ്യുന്ന ഓരോ പൈസയും ഒരോ സമ്പത്തും സമൂഹത്തിന്റേതാണെന്ന് ഓരോ വ്യക്തിക്കും ബോദ്ധ്യപ്പെടുക. സമൂഹത്തിലെ എല്ലാവരുടേയും ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുകയാണ് തന്റെ കർത്തവ്യമെന്ന് ഓരോരുത്തരും മനസ്സിലാക്കുക. തൊഴിലാളി-മുതലാളി സങ്കല്പങ്ങളിൽ അടിസ്ഥാനപരമായ വിപ്ലവത്തിന് ഈ ചിന്ത വഴിയൊരുക്കും.

ഭഗവത്ഗീതയിലെ അപരിഗ്രഹം, സമഭാവം തുടങ്ങിയ ഉദാത്തചിന്തകൾ ഗാന്ധിജിയെ ചെറുപ്പകാലത്തുതന്നെ സ്വാധീനിച്ചിരുന്നു. സാമൂഹിക ജീവിതത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനാരംഭിച്ചപ്പോൾ ഈ പദങ്ങൾ പരിഹാരമാർഗമായി അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞുവന്നു. അതിനൊരു പ്രായോഗിക രൂപം നൽകാൻ ഗാന്ധിജി തെരഞ്ഞെടുത്ത പദമാണ് ട്രസ്റ്റിഷിപ്പ്

### സമ്പത്തിന്റെ സൂക്ഷിപ്പുകാരൻ

മനുഷ്യൻ സ്വന്തം കഴിവുകളേയും സമ്പത്തിനേയും ട്രസ്റ്റിയുടെ-സൂക്ഷിപ്പുകാരന്റെ-നിലയിൽ കാണുക, ഉപയോഗിക്കുക. പണം കുന്നുകൂട്ടാനുള്ള ആഗ്രഹം അതുവഴി കുറച്ചുകൊണ്ടുവരാൻ കഴിയും. സമൂഹത്തോടുള്ള ഉത്തരവാദിത്തം വർദ്ധിക്കും. മനസ്സിന് സുഖവും സന്തോഷവും തോന്നും. മാനസികമായ വിപ്ലവത്തിന്റെ, മനുഷ്യജീവിതത്തെക്കുറിച്ചുള്ള സമഗ്രമായ ചിന്തയുടെ ഭാഗമാണ് ഗാന്ധിജിക്ക് അർത്ഥശാസ്ത്രവും. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അർത്ഥശാസ്ത്രത്തെ സദാചാരശാസ്ത്രത്തിൽനിന്നു ഒഴിച്ചു നിർത്തുന്നത് അവിഹിതമാണ്. സത്യവും അഹിംസയുമാണ് അർത്ഥശാസ്ത്രത്തിന്റെ അടിക്കല്ലുകൾ.

അഹിംസയ്ക്ക് അനുരൂപമായ അടിത്തറയല്ല ഫാക്ടറി സംസ്കാരം എന്ന് ഗാന്ധിജി വിശ്വസിച്ചു. സ്വയംപര്യാപ്തമായ ഒരു ഗ്രാമത്തിൽ മാത്രമേ അഹിംസയുടെ വേരുകൾ ഓടുകയുള്ളു. നാൾതോറും വർദ്ധിച്ചുവരുന്ന ഭൗതികാവശ്യങ്ങളും അവ നിറവേറ്റാനായി മനുഷ്യൻ സമ്പാദിച്ചുകൂട്ടുന്ന അളവറ്റ സ്വത്തും സദാചാരനിയമങ്ങളെയും ധാർമ്മിക ചിന്തയേയും തകിടംമറിക്കും. ജീവിതാവശ്യങ്ങളെ പരമാവധി ചുരുക്കുകയും എല്ലാവർക്കും ജീവിതം ആയാസരഹിതമാക്കാൻ വഴിയൊരുക്കുകയുമാണ് സംതൃപ്ത ജീവിതത്തിനുള്ള മാർഗം.

### ആത്മാവ് നഷ്ടപ്പെട്ടാൽ

പാശ്ചാത്യരാജ്യങ്ങൾ വികസനത്തിനുള്ള വഴിയായി തിരഞ്ഞെടുത്ത കേന്ദ്രീകൃത ഉത്പാദനവ്യവസ്ഥ അനുകരിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകൾ ഗാന്ധിജി പലപ്പോഴും എടുത്തുകാട്ടി. അദ്ദേഹം പറഞ്ഞു ഭാരതത്തിന്റെ ഭാവി അതിന്റെ ഭൗതികമായ വളർച്ചയിലല്ല, ആത്മാവിന്റെ ഉയർച്ചയിലാണ്. പാശ്ചാത്യരാജ്യങ്ങളുടെ ജീവിതശൈലിയിലേയ്ക്ക് പുറപ്പെട്ടാൽ നമുക്ക് നഷ്ടപ്പെടുക നമ്മുടെ ആത്മാവായിരിക്കും. ആത്മാവില്ലാതെ ഭാരതത്തിന് ഒരു ജീവിതമുണ്ടാവില്ല. ഇന്ന് ഭാരതത്തിന്റെ ആത്മാവ് അപകടാവസ്ഥയിലാണ്. കൈയുംകെട്ടി നിസഹായരായി നാം നോക്കിനിന്നാൽ ഫലം സർവനാശമാണ്. പടിഞ്ഞാറിന്റെ പിടിയിൽനിന്ന് നമുക്ക് രക്ഷപ്പെടാനാവില്ലെന്ന ധാരണ പലരിലും വേരുറച്ചിട്ടുണ്ട് അതുമാറ്റാനും ചെറുത്ത് നിൽപ്പിനുള്ള ശേഷി രാഷ്ട്രത്തിന് കൈവരിക്കാനും നാം ഉണർന്നെണീൽക്കണം






- Multi speciality hospital with state of the art facilities ensuring quality health care delivery.
- Adjacent to Trivandrum international airport.
- Centre of excellence in Neurosurgery and Cardiology.
- Centre of academic excellence with national board accredited post graduate training programs.

## EXTENDED HIGHLIGHTS

(24 x 7 ) Accident & Trauma Care I Renowned critical care team with 13 ICU's and 115 beds I Kidney Transplantation I High risk obstetric care and fertility clinic I First centre in South Kerala with interventional Endoscopic Ultra Sonography (EUS) I Laser therapy for Kidney Stones I Aneurysm Clipping I Awake Craniotomy I ICP monitoring I Pituitary Tumor Surgery I Spine Fixation Surgery I 24x7 Primary Angioplasty I CABG I 24 Hrs Pharmacy & Blood Bank I 24 Hrs Canteen Services I 24 Hrs Lab Services

# Ananthapuri Hospitals
## AND RESEARCH INSTITUTE

CHACKA, NH BYPASS, THIRUVANANTHAPURAM, 695024, KERALA.
Email: ahri@ahri.in | www.ananthapurihospitals.com





തിരുവനന്തപുരം




കൊല്ലം




പത്തനംതിട്ട


INTUC
ആലപ്പുഴ


INTUC
ജില്ലാ നേതൃത്വ ക്യാമ്പ്
കോട്ടയം


WELCO
SKYROCK
INTUC
ഇടുക്കി


INTUC
എറണാകുളം ജില്ലാ ജനറൽ ബോഡി
എറണാകുളം


INTUC
തൃശ്ശൂർ


പാലക്കാട്
INTUC


INTUC
മലപ്പുറം ജില്ലാ
നേതൃ സംഗമം
2021 ഒക്ടോ: 25 തിങ്കൾ
കല്ലായി മുഹമ്മദലി നഗർ
EMERGENCY
മലപ്പുറം


കോഴിക്കോട്


നേതൃസംഗമം
M S SWAMINATHAN
RESEARCH FOUNDATION
വയനാട്


INTUC
കണ്ണൂർ


കാസറഗോഡ്
ജില്ലാ നേതൃസംഗമം
സ്വീകരണവും



# ജോലിയും കൂലിയും ചൂഷണമാകുമ്പോൾ

**വി.ജെ. ജോസഫ്**
ഐ.എൻ.റ്റി.യു.സി.
സംസ്ഥാന ജനറൽ സെക്രട്ടറി

ജോലി തൊഴിലാളികളുടെ കടമയും, കൂലി അവകാശവും ആണ്. തൊഴിലാളികളുടെ സേവനത്തിന് നൽകുന്ന പ്രതിഫലമാണ് വേതനം. ഈ വേതനം ന്യായമായിരിക്കണം എന്ന് ദേശീയവും, അന്തർദേശീയവും ആയ സാമ്പത്തിക വിദഗ്ദ്ധരിൽ ബഹു ഭൂരിപക്ഷവും അഭിപ്രായപ്പെടുന്നു. അന്തർദേശീയ വേദികളായ ഐക്യരാഷ്ട്രസഭയും, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും ആവർത്തിച്ച് ഇതേ അഭിപ്രായം പ്രഖ്യാപിക്കുന്നു. ഇൻഡ്യൻ ഭരണഘടനയിലും ഇതേ നിർദ്ദേശം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൊഴിലുടമകളും, പണിയെടുപ്പിക്കുന്നവരും അവരെ പിന്തുണയ്ക്കുന്ന ഭരണകൂടങ്ങളും ഈ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പാടെ അവഗണിക്കുന്നു. ഇതുമൂലം ഇൻഡ്യയിലെ തൊഴിലാളി വേതനസ്ഥിതി ഇന്നും മനുഷത്വരഹിതമാണ്.

വ്യവസായ-വാണിജ്യ മേഖലകളിലെ ലാന്റ്, ലേബർ, കാപ്പിറ്റൽ എന്ന മൂന്നു ഘടകങ്ങളിൽ അമിത ധനനേട്ടം അഥവാ ലാഭം ഉണ്ടാക്കുവാൻ കഴിയുന്നത് തൊഴിലാളിയെ കേന്ദ്രീകരിച്ചുള്ള വേതന ചൂഷണത്തിലൂടെ ആണ്. ദിവസം 500 രൂപാ കൂലികൊടുക്കേണ്ട സ്ഥാനത്ത് 400 രൂപാ കൂലി നൽകിയാൽ തൊഴിലുടമയ്ക്ക് ഒരു തൊഴിലാളിയിൽ നിന്ന് ഒരുമാസം 3000 രൂപാ ലഭിക്കുന്നു. 1000 തൊഴിലാളികൾ ഉള്ള ഒരു സ്ഥാപനത്തിൽ ഈ രീതി തുടർന്നാൽ മാസം 30 ലക്ഷവും വർഷാവസാനം ബാലൻസ് ഷീറ്റ് വരുമ്പോൾ തൊഴിലാളി ചൂഷണത്തിൽ നിന്ന് മാത്രമുള്ള നേട്ടം 3 കോടി 60 ലക്ഷവും ആയി മാറുന്നു. ഇതേ രീതിയാണ് ഭൂമിയിലെ ഖനന-കാർഷിക രംഗത്തും നടക്കുന്നത്. പ്രകൃതിയുടെ എല്ലാ സന്തുലിതാവസ്ഥകളെയും തകർക്കുംവിധം പെട്രോൾ, കൽക്കരി, ഇരുമ്പ്, സ്വർണ്ണം മറ്റ് ധാതുലവണങ്ങൾ നിയമവിരുദ്ധമായി ഖനനം ചെയ്ത് അമിതമായി തൊഴിലുടമകൾ എന്ന് പറയുന്നവർ സമ്പത്ത് വാരിക്കൂട്ടുന്നു.

പ്രാചീന സാമ്രാജ്യത്വ കോളനിവൽക്കരണത്തിന്റെയും മനുഷ്യ അടിമത്വത്തിന്റെയും പിന്നിലെ യഥാർത്ഥ കാരണം മേൽ പറഞ്ഞ 2 ചൂഷണരീതികളാണ്. ഈ പ്രവണത പരിഷ്കൃതരൂപത്തിൽ ഇപ്പോഴും പല രാജ്യങ്ങളിലും തുടരുന്നു. അതാണ് ആഗോളവൽക്കരണത്തിന്റെ ഭാഗമായി വ്യവസായ വാണിജ്യ അധിനിവേശത്തിലൂടെയും, തൊഴിലാളി കുടിയേറ്റത്തിലൂടെയും ഇന്ന് ദൃശ്യമാകുന്നത്. ആഗോളവൽക്കരണ നയങ്ങൾ വന്നപ്പോൾ പ്രകൃതിവിഭവങ്ങൾ ഏറെയുള്ളതും, കൂലി കുറവുള്ളതും തൊഴിലാളി ചൂഷണവും, പ്രകൃതി ചൂഷണവും കാര്യമായി ചോദ്യം ചെയ്യപ്പെടാത്തതുമായ രാജ്യങ്ങളിലേക്ക് വ്യവസായങ്ങളും, വ്യാപാരമേഖലയും ആവേശപൂർവ്വം പാഞ്ഞെത്തി. വികസനമെന്നും, സമഗ്രവികസനമെന്നും ഭരണകൂടങ്ങൾ ഇതിന് വിളിപേരിട്ടു.

ലോകജനതയുടെ ആറിലൊന്ന് അധിവസിക്കുന്ന, ആഗോള ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുള്ള ഇൻഡ്യയിലേയ്ക്ക് വ്യവസായങ്ങളുടെയും, വാണിജ്യത്തിന്റെയും പ്രവാഹം ഏറെയുണ്ടായി. രാജ്യത്തെ പ്രകൃതിസമ്പത്തും, കുറഞ്ഞ കൂലിയും, ഉയർന്ന ജനസംഖ്യയും, തൊഴിലാളി ചൂഷണ സാഹചര്യങ്ങളുമായിരുന്നു ഈ പ്രവാഹത്തിന് കാരണം. അനിയന്ത്രിത ഇറക്കുമതി സ്വദേശ വ്യവസായങ്ങളെ തകർത്തപ്പോൾ പരമ്പരാഗത വാണിജ്യ മേഖലയും കൂപ്പുകുത്തി. ഒരുപിടി സഹസ്ര കോടീശ്വരന്മാരുടെയും പുത്തൻ കോർപ്പറേറ്റുകളുടെയും കൈകളിലായി വ്യവസായ വാണിജ്യരംഗം. ഈ ആഗോളവരവ് 16-ാം നൂറ്റാണ്ടിലെ ഈസ്റ്റ് ഇൻഡ്യാ കമ്പനികളുടെ വര

വിനെ ഓർമ്മപ്പെടുത്തുന്നു. വൈദേശിക വരവും, ചൂഷണവും, കൊടുംക്രൂരതകളും അനുഭവിച്ചറിഞ്ഞ ഒരു ജനത നൂറ്റാണ്ടുകൾ നടത്തിയ പോരാട്ടത്തിലൂടെയും, രക്തസാക്ഷിത്വങ്ങളിലൂടെയും ആണ് ഈ പ്രവണതയ്ക്ക് അന്ത്യം കുറിച്ച് സ്വാതന്ത്ര്യം നേടിയെടുത്തതെന്ന സാമാന്യബോധം പോലും ഈ നയത്തിന്റെ പ്രയോക്താക്കൾക്ക് ഇല്ലാതെ പോയി എന്നത് ഒരു ദുരന്തമായി മാത്രമേ കാണാൻ കഴിയൂ.

തൊഴിലാളി ചൂഷണം അവസാനിപ്പിക്കാനും, തൊഴിലാളിക്കും കുടുംബത്തിനും മാന്യമായി ജീവിക്കാനാവശ്യമായ വേതനം നൽകുവാനും രാജ്യം നിയമനിർമ്മാണം നടത്തണമെന്ന് 70 വർഷം മുമ്പ് 1950 ൽ ഭരണഘടനയിൽ എഴുതിവച്ച രാജ്യത്താണ് ഇന്ന് തൊഴിലാളികൾക്ക് തറവേതനം നൽകിയാൽ മതിയെന്ന നിയമനിർമ്മാണത്തെപ്പറ്റി കേൾക്കാൻ ഇട വരുന്നത്. ജീവിക്കാനാവശ്യമായ വേതനം (ലീവിംഗ് വേജ്), ന്യായമായ വേതനം (ഫെയർ വേജ്), ഏറ്റവും കുറഞ്ഞ വേതനം (മിനിമം വേജ്) എന്നിങ്ങനെ രാജ്യത്തും ആഗോളതലത്തിലും വേതനം 3 വിധത്തിലാണ്.

ജീവിക്കാനാവശ്യമായ വേതനം (ലീവിംഗ് വേജ്) രാഷ്ട്രപതിയും, പ്രധാനമന്ത്രിയും, കോടതി ജഡ്ജിമാരും, ഐ.എ.എസ് ഉദ്യോഗസ്ഥരും ഉൾപ്പെടെ വില്ലേജ് ഓഫീസിലെ പ്യൂൺ വരെയുള്ള രാജ്യത്തെ കാര്യനിർവ്വഹണ വിഭാഗം നേടിയെടുത്തു. ഈ രീതിയിൽ വേതനം നിർണ്ണയിക്കുന്നതിലും, അത് കൈപ്പറ്റുന്നതിലും രാജ്യത്തിന്റെ പൊതുധനസ്ഥിതിയോ, കടബാദ്ധ്യതകളോ ഒരു വിഷയമല്ല. ഉല്പാദനവും ഉല്പാദനക്ഷമതയും പരിഗണനയിൽ വരുന്നില്ല. ബഡ്ജറ്റിൽ ലാഭനഷ്ടമില്ല. മറിച്ച് കമ്മി എന്നാണ് പരാമർശിക്കുന്നത്. അതിനാൽ കണക്കുകൾക്ക് പ്രസക്തിയില്ല. ഏത് നിയമപ്രകാരമാണ് ഈ വിഭാഗങ്ങൾക്ക് ജീവിക്കാനാശ്യമായ വേതനം (ലീവിംഗ് വേജ്) നൽകുന്നത് എന്നതിന് വ്യക്തതയില്ല. ഈ വേതന രീതിയെ ആരും എതിർക്കുന്നില്ല. കോടതികളിൽ ചോദ്യം ചെയ്യുന്നില്ല. ജഡ്ജിമാരുടെ വാക്കാൽ പരാമർശങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. കാരണം നേട്ടങ്ങൾ അനുഭവിക്കുന്നവർ തന്നെ തീരുമാനിക്കുന്നു. അവർ തന്നെ കൊടുക്കുന്നു. അവർ തന്നെ വാങ്ങുന്നു. അവർ തന്നെ വിധിക്കുന്നു. ഇത്തരത്തിൽ ജീവിക്കാനാവശ്യമായ വേതനം കൈപ്പറ്റുന്ന ഇവർ രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ എന്ത് പങ്ക് വഹിക്കുന്നു എന്നത് ഒരു വലിയ ചോദ്യമാണ്. സാമ്പത്തിക വിദഗ്ദ്ധർക്ക് ഒറ്റ ഉത്തരമേ പറയാൻ കഴിയൂ വലിയ വട്ടപൂജ്യം എന്ന്.

ഉല്പാദനം, ഉല്പാദനക്ഷമത, ലാഭം എന്നിവ അടിസ്ഥാനമാക്കി കൂട്ടായ വിലപേശലിലൂടെ ചില വ്യവസായ, വാണിജ്യ സ്ഥാപനങ്ങൾ തൊഴിലാളി സംഘടനകളുമായി ഒപ്പുവയ്ക്കുന്ന കരാറുകളിലൂടെ ന്യായമായ വേതനം (ഫെയർ വേജ്) ഒരു വിഭാഗം തൊഴിലാലികൾക്ക് അനുഭവവേദ്യമായി. എന്നാൽ ഇന്ന് ഈ മേഖലകളിൽ യഥാസമയം കരാറുകൾ പുതുക്കപ്പെടുന്നില്ല. കൂട്ടായ വിലപേശൽ ഒരു വെല്ലുവിളിയോടെ തൊഴിലുടമകളും സർക്കാരും ഇല്ലായ്മ ചെയ്യുന്നു. എല്ലാ രംഗത്തും നിയമവിരുദ്ധമായി കരാർ തൊഴിലാളികളെ ഉപയോഗിച്ച് ഉല്പാദനപ്രവർത്തനങ്ങൾ നടത്തുന്നു. ഈ തൊഴിലാളികൾക്കാകട്ടെ മിനിമം വേതനം പോലും പല സംസ്ഥാനങ്ങളും നൽകുന്നില്ല. ന്യായമായ വേതനത്തിന് വേണ്ടി തൊഴിലാളികൾ സമരവും പണിമുടക്കും നടത്തിയാൽ അതെല്ലാം കോടതികളെ ഉപയോഗിച്ച് നിരോധിക്കുന്നു. തൊഴിലാളി സംഘടനകളെ ഭീകര സംഘടനകളായി ചിത്രീകരിക്കുന്നു. നിയമലംഘനത്തിലൂടെ കരാർ തൊഴിലാളികളെ ഉപയോഗിച്ച് തൊഴിലുടമകൾ സമരത്തെ പ്രതിരോധിക്കുന്നു. ചുരുക്കത്തിൽ ഉല്പാദനം, ഉല്പാദനക്ഷമത, ലാഭം എന്നിവ അടിസ്ഥാനമാക്കിയുള്ള ന്യായവേതനം (ഫെയർ വേജ്) തൊഴിലാളികൾക്ക് ഇന്ന് അന്യമാകുന്നതാണ് പൊതുസ്ഥിതി. ഓരോ വർഷവും ശതകോടി ലാഭം ഉണ്ടാക്കുകയും ഓഹരി കമ്പോളത്തിൽ തങ്ങളുടെ ഓഹരി വില ഉയർത്തി നേട്ടങ്ങൾ കൊയ്തെടുക്കുന്ന സ്ഥാപനങ്ങൾപോലും തൊഴിലാളികളുടെ വേതനത്തിൽ ചൂഷണം തുടരുന്നു. ഈ രീതി അവലംബിക്കുന്നതിൽ സ്വകാര്യ തൊഴിലുടമകളോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും മത്സരിക്കുന്നു എന്നതാണ് യഥാർത്ഥ്യം.

ചുരുക്കത്തിൽ തൊഴിലാളികൾ എത്ര ജോലി ചെയ്താലും ഉല്പാദനക്ഷമത എത്ര വർദ്ധിപ്പിച്ചാലും ലാഭം എത്ര നേടി കൊടുത്താലും ആഭ്യന്തര ഉല്പാദന തോത് (GDP) എത്ര ഉയർത്തിയാലും ന്യായവേതനം (ഫെയർ വേജ്) എന്നത് ജീവിത വേദനയായി ഇന്ന് മാറിയിരിക്കുന്നു.

രാജ്യത്തെ തൊഴിലാളികൾക്കായി 1948 മുതൽ നിയമം മൂലം നടപ്പിലാക്കി വരുന്നതാണ് മിനിമം വേതനം. ഈ നിയമത്തിന്റെ ബലത്തിൽ സർക്കാർ, തൊഴിലുടമ, തൊഴിലാളി സംഘടനാ പ്രതിനിധികൾ അംഗങ്ങളായി രൂപീകരിക്കപ്പെടുന്ന ത്രികക്ഷിസമ്പ്രദായത്തിലുള്ള മിനിമം വേജ് ഉപദേശക സമിതി തെളിവെടുപ്പും ചർച്ചകളും നടത്തി ശുപാർശ ചെയ്യുന്നത് പ്രകാരം സർക്കാർ അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ മിനിമം വേതനം പ്രഖ്യാപിക്കപ്പെടുന്നു. ഈ രീതിയിൽ നടപ്പിലാക്കുന്ന വേതനം പോലും നൽകാൻ സാദ്ധ്യമല്ല എന്ന് ശഠിക്കുന്ന തൊഴിലുടമകളുടെ നിലപാട് തൊഴിലാളി ചൂഷണമല്ലാതെ മറ്റെന്താണ്? ഇതിന് വേണ്ടി ലക്ഷങ്ങളും കോടികളും ചിലവഴിച്ച് ഹൈക്കോടതി മുതൽ സുപ്രീംകോടതി വരെ കേസ്സുകൾ നൽകി ഒരു സ്റ്റേയും സമ്പാദിച്ച് ഈ തൊഴിലാളി ചൂഷണത്തിലൂടെ സഹസ്രകോടികൾ ലാഭം നേടുന്നു. തൊഴിലുടമകളുടെ ഈ നിലപാട് തൊഴിലാളികൾ ആഹാരം കഴിക്കണ്ട, വസ്ത്രം ധരിക്കണ്ട, രോഗത്തിന് ചികിത്സ തേടണ്ട, കുട്ടികളെ പഠിപ്പിക്കണ്ട എന്ന് പരസ്യമായി പറയുന്നതിന് തുല്യമാണ്. മിനിമം വേതനം നിഷേധിക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്നും, തൊഴിലാളി ജീവിക്കണ്ട എന്ന് പറയുന്നതിന് തുല്യമാണെന്നും, ഐക്യരാഷ്ട്രസഭയും ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനും, പുരോഗമന സാമ്പത്തിക വിദഗ്ദ്ധരും ആവർത്തിച്ച് വ്യക്തമാക്കിയിട്ടും ഈ തൊഴിലാളി ചൂഷണം നിർബാധം തുടരുന്നു. സ്വകാര്യ ഉടമകൾ സമ്പാദിക്കുന്ന സ്റ്റേ ഉത്തരവിന്റെ മറവിൽ സർക്കാർ സ്ഥാപനങ്ങൾ പോലും ഈ മിനിമം വേതനം നടപ്പിലാക്കുന്നില്ല.

വേതന കാര്യത്തിൽ നിലവിലെ പൊതുചിത്രം ഇതാണെങ്കിൽ ഇപ്പോൾ കേൾക്കുന്നത് മിനിമം വേതനത്തിനും താഴെ തറവേതനം (Floor Wage) പാർലമെന്റ് പാസ്സാക്കിയ പുതിയ വേജ് കോഡിലൂടെ കേന്ദ്രസർക്കാർ നടപ്പിലാക്കുന്നു എന്നാണ്. കഷ്ടം മഹാകഷ്ടം എന്ന് മാത്രമേ ഒറ്റവാക്കിൽ ഇതിനെ വിശേഷിപ്പിക്കാൻ കഴിയൂ. ഇതിനെല്ലാം എതിരായി തൊഴിലാളി താല്പര്യ സംരക്ഷണത്തിനും, ജീവിക്കാനാവശ്യമായ വേതനത്തിനും വേണ്ടി സംഘടിക്കുക ശക്തരാകുക പ്രക്ഷോഭത്തിനിറങ്ങുക എന്നത് മാത്രമാണ് പണിയെടുത്ത് ജീവിക്കുന്നവർക്ക് മുന്നിലുള്ള ഏക മാർഗ്ഗം.

THE DALE VIEW
Be not weary in well doing





**കൃഷ്ണവേണി ജി. ശർമ്മ**
പ്രസിഡന്റ്
ഐ.എൻ.റ്റി.യു.സി. വുമൺ വർക്കേഴ്സ് കൗൺസിൽ &
കേരള അംഗനവാടി ആന്റ് ക്രഷ് വർക്കേഴ്സ് യൂണിയൻ

# കണ്ണീരിന്റെ കഥ പറയുന്ന അംഗനവാടി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം

45 വർഷത്തെ പ്രവർത്തനചരിത്രം പിന്നിടുന്ന അംഗനവാടി ജീവനക്കാരുടെ ജീവിതം കണ്ണുനീരിന്റെ കഥയാണ്. സഹജീവികളോടുള്ള അനുകമ്പ പ്രകടിപ്പിച്ചും, മാതൃസ്നേഹത്തിന്റെ പരിലാളനകൾ നൽകിയും, ഗർഭിണികളെയും കുഞ്ഞുങ്ങളെയും പരിചരിക്കുന്ന ഇവരുടെ സേവനം അധികാരകേന്ദ്രങ്ങൾ അംഗീകരിക്കുന്നില്ല എന്നതാണ് വാസ്തവം. ഗർഭിണികളുടെയും, കുഞ്ഞുങ്ങളുടെയും പോഷകാഹാര കുറവ് മൂലമുള്ള മരണങ്ങൾ തടയുവാനും അവർക്ക് മതിയായ പരിചരണം ഉറപ്പുവരുത്തുവാനുമായി ഒരു വലിയ സാമൂഹ്യലക്ഷ്യത്തോടെ ഇന്ദിരാഗാന്ധി പ്രത്യേക താല്പര്യമെടുത്ത് നടപ്പിലാക്കിയ പ്രസ്ഥാനമാണ് രാജ്യത്തെ അംഗനവാടികൾ. സംസ്ഥാനത്തെ 33130 അംഗനവാടികളിലായി 66000 ത്തോളം ജീവനക്കാർ ജോലിചെയ്യുന്നു. ഗർഭിണികൾ സഹോദരിയെന്നും, കുഞ്ഞുങ്ങൾ ടീച്ചറെന്നും വിളിക്കുന്ന ഇവരെ വർക്കർ എന്നും സഹായിയെന്നും അപമാനിക്കും വിധം സർക്കാർ പേര് ചാർത്തിയിരിക്കുന്നു.

മറ്റൊരു തൊഴിൽ മേഖലയിലും ഇല്ലാത്തവിധം വേതനം വേദനയായി തുച്ഛമായ ഓണറേറിയം മാത്രമാണ് ഇന്നും ലഭിക്കുന്നത്. വർക്കറിന് 12000 വും സഹായിക്ക് 8000 രൂപയും ഇന്ന് നൽകി വരുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പോഷകാഹാര വ്യതിയാനങ്ങളുടെ അടിസ്ഥാന വിവരശേഖരണം തുടങ്ങുന്നതുതന്നെ അംഗനവാടികളിൽ നിന്നാണ്. ഈ വിവരങ്ങൾ ഫലവത്തായി ഉപയോഗപ്പെടുത്തിയാൽ ഒരു പുതിയ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയും. ഒരു വ്യക്തിയുടെ ജീവിതാരംഭത്തിന്റെ തുടക്കം ഇവിടെ നിന്നായതിനാൽ വ്യക്തിവികസനത്തിനും, സ്വഭാവരൂപീകരണത്തിനും തുടക്കമായി ഇവിടുത്തെ സഹവാസം കുഞ്ഞുങ്ങളിൽ സ്വാധീനം ചെലുത്തുന്നു.

അംഗനവാടികളിലെ തൊഴിലാളികളുടെ താരാട്ട് കേട്ടും അവർ വാരിനൽകിയ ഭക്ഷണം കഴിച്ചും, അവർ പഠിപ്പിച്ച അക്ഷരങ്ങളിൽ വിദ്യാഭ്യാസത്തിന് തുടക്കമിട്ടും ഉയർന്നുവന്ന പലരും ഉന്നത അധികാരകേന്ദ്രങ്ങളിൽ എത്തിയിട്ടും അവർ പോലും ഈ ജീവനക്കാരെ മറന്നു എന്നത് വേദനയോടെ തൊഴിലാളികൾ ഓർമ്മിക്കുന്നു. ഈ മേഖലയിലെ തൊഴിലാളികൾ എല്ലാവരും സ്ത്രീകളാണ് എന്നതാണ് ഈ രീതിയിൽ തൊഴിൽ ചൂഷണത്തിന് വിധേയരാകുവാൻ കാരണം.

ഇവരുടെ അവകാശസംരക്ഷണത്തിനായി പല സംഘടനകളും രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും സംസ്ഥാനതലത്തിലും, ദേശീയതലത്തിലും ഒരു വലിയ മുന്നേറ്റമായി മാറുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ചില സംഘടനകളാണെങ്കിൽ പിളർപ്പും, പോർവിളികളും ആയി നടക്കുന്നു. തൊഴിലാളി വിഷയങ്ങളെക്കാൾ ഉപരി രാഷ്ട്രീയ വിഷയങ്ങൾക്കും, വിധേയത്വങ്ങൾക്കും മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങളും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വിഘാതമായി മാറി എന്നത് 45 വർഷത്തെ ഈ മേഖലയുടെ ചരിത്രം പരിശോധിച്ചാൽ ഏതൊരു തൊഴിലാളിക്കും മനസ്സിലാകും.

ഗർഭിണികൾക്കും, കുഞ്ഞുങ്ങൾക്കും അസുഖം വന്നാൽ ചികിത്സയ്ക്കുള്ള മരുന്നുണ്ട്. എന്നാൽ ഇവരെ പരിചരിക്കുന്ന അംഗനവാടി തൊഴിലാളികൾക്ക് ചികിത്സാസൗകര്യങ്ങൾ ഇല്ല. ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരമുണ്ട്. തൊഴിലാളികൾക്ക് പോഷകാഹാരം പോയിട്ട് സാധാരണ ആഹാരത്തിനുള്ള വേതനം പോലുമില്ല. എല്ലാ ജീവനക്കാർക്കും ക്ഷാമബത്തയുണ്ട്. അംഗനവാടിക്കാർക്ക് മാത്രം ക്ഷാമബത്തയില്ല. എല്ലാ ജീവനക്കാർക്കും വാർഷിക ഇൻക്രിമെന്റ് ഉണ്ട്. അംഗനവാടിക്കാർക്ക് അതും ഇല്ല.

കേവലം തുച്ഛമായ ഓണറേറിയം എന്ന ഒരു ചെറിയ തുക നൽകി പാവപ്പെട്ട ഈ വിഭാഗം തൊഴിലാളികളെ ഏത് നീതിശാസ്ത്രത്തിന്റെ പേരിലാണ് ഇങ്ങനെ ചൂഷണം ചെയ്യുന്നത്. ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. എല്ലാ വിഭാഗം ജീവനക്കാർക്കും പിരിഞ്ഞുപോകുമ്പോൾ ഗ്രാറ്റുവിറ്റിയുണ്ട്. അംഗനവാടിക്കാർ വെറും കൈയ്യോടെ മടങ്ങണം. വർക്കർ എന്നതിന് പകരം ടീച്ചറെന്നും, ഹെൽപ്പർ എന്നതിന് പകരം അസിസ്റ്റന്റെന്നും വിളിപ്പേര് മാറ്റണമെന്ന് പറഞ്ഞാലും അവഗണനയാണ് ഫലം.




- സർക്കാർ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം (21000 രൂപാ) അംഗനവാടി ജീവനക്കാരുടെ വേതനമായി നിശ്ചയിക്കപ്പെടണം.
- വിലക്കയറ്റവും ആയി ബന്ധപ്പെട്ട് മറ്റ് ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്ത ഇവർക്ക് ലഭ്യമാകണം.
- ചികിത്സക്കായി മറ്റ് തൊഴിലാളികൾക്കുള്ളതുപോലെ ഋടക പദ്ധതിയിൽ ഉൾപ്പെടുത്തണം.
- പ്രൊവിഡന്റ് ഫണ്ടും, പിരിഞ്ഞുപോകുമ്പോഴുള്ള ആനുകൂല്യമായ ഗ്രാറ്റുവിറ്റിയും ഈ ജീവനക്കാർക്ക് ലഭ്യമാകണം.
- അംഗനവാടി വർക്കർ എന്നും, ഹെൽപ്പർ എന്നും ഉള്ള തസ്തികയ്ക്ക് പകരം ടീച്ചർ എന്നും, അസിസ്റ്റന്റ് എന്നും കാറ്റഗറി പുനഃക്രമീകരിക്കണം.
- അംഗനവാടികളെ ആധുനികവൽക്കരിക്കുകയും, ആരോഗ്യപരിപാലനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രഭവകേന്ദ്രമായി മാറ്റുകയും ചെയ്യണം.

ഈ ആവശ്യങ്ങൾ 2021 ജൂലൈ 8 ന് സർക്കാരിന് നൽകിയ നിവേദനത്തിലൂടെ കേരള അംഗനവാടി ആന്റ് ക്രഷ് വർക്കേഴ്സ് യൂണിയൻ ആവശ്യപ്പെട്ടിരുന്നു. ദേശീയതലത്തിൽ ട്രേഡ് യൂണിയനുകൾ സംയുക്തമായി ഈ ആവശ്യങ്ങൾ ഉന്നയിച്ച് വരുന്നു എന്നത് ജീവനക്കാർക്ക് ആവേശം പകരുന്നതാണ്. ഈ ആവശ്യങ്ങൾ നേടിയെടുക്കുവാനുള്ള പോരാട്ടത്തിൽ ജാതിയോ, മതമോ, രാഷ്ട്രീയമോ, വിദ്വേഷമോ, പോർവിളികളോ ഇല്ല. തൊഴിലാളി താല്പര്യം മാത്രമാണ് നമുക്ക് മുന്നിൽ. അതിനായി ഒരുമിച്ച് ഒറ്റക്കെട്ടായി മുന്നേറാം. അവകാശങ്ങൾക്കായ് പോരാടാം.

# വായിക്കുക...
# വരിക്കാരാകുക...

## ഇന്ത്യൻ തൊഴിലാളി മാസിക

THE DALE VIEW
PUNALAL
BE NOT WEARY IN WELL DOING
Since 1978
THE DALE VIEW
Be not weary in well doing



# സ്വർണ്ണവ്യാപാരമേഖലയും തൊഴിലാളികളും

## ഒരു വിലയിരുത്തൽ



കെ.ജി. മനോജ്കുമാർ
മരുതൻകുഴി

വ്യക്തികളുടെ കൈവശം 22000 ടണ്ണും, റിസർവ് ബാങ്കിലെ കരുതൽ ശേഖരമായി 745 ടണ്ണും ഉൾപ്പെടെ 22745 ടൺ സ്വർണ്ണം കൈവശം ഉള്ള രാജ്യമാണ് ഇൻഡ്യ. വാർഷിക സ്വർണ്ണ ഉത്പാദനം പ്രതിവർഷം 18 ടൺ മാത്രമായി ലോകത്ത് 64-ാം സ്ഥാനത്താണെങ്കിലും 600 ടൺ ഓരോ വർഷവും ആഭരണ നിർമ്മാണത്തിനായി രാജ്യം ഉപയോഗിച്ചു വരുന്നു. നിയമപരമായ ഇറക്കുമതിയും കള്ളക്കടത്തും ഉൾപ്പടെ പ്രതിവർഷം 1000 ടൺ സ്വർണ്ണം വിദേശത്ത് നിന്നും ഇന്ത്യ സമാഹരിക്കുന്നു എന്നതാണ് ഏകദേശ കണക്ക്.

സ്വർണ്ണ നിക്ഷേപവും, വ്യാപാരവും എക്കാലത്തും ലോക സമ്പദ്ഘടന നിയന്ത്രിക്കുന്നതിൽ മുഖ്യ ഘടകമാണ്. കേവലം ഒരു ലോഹം മാത്രമാണെങ്കിലും സ്വർണ്ണത്തിന്റെ മൃദുത്വവും, തിളക്കവും എളുപ്പത്തിൽ രൂപഭേദം വരുത്തുവാൻ കഴിയുന്നതും മൂലം ഇതിന്റെ പ്രാധാന്യം അതിശയിപ്പിക്കുന്നതായി മാറി. ലോകനാണയ മൂല്ല്യം നിർണ്ണയിക്കുന്നതിലെ പ്രധാന ഘടകം ഈ ലോഹമാണെന്ന് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സ്വർണ്ണം സ്ത്രീകളുടെ ഏറ്റവും പ്രധാന മോഹവസ്തുവായി മാറിയപ്പോൾ ആഭരണ നിർമ്മാണരംഗത്ത് വലിയ വിപ്ലവം ഈ ലോഹം മൂലമുണ്ടായി. 29 ഗ്രാം സ്വർണ്ണം 100 കിലോമീറ്റർ നീളമുള്ള കമ്പിയാക്കാൻ കഴിയുമെന്ന തിരിച്ചറിവ് ആഭരണങ്ങൾ ഏത് രൂപത്തിലും ഭാവത്തിലും നിർമ്മിക്കാനും, തെളിമ മങ്ങാതെ ഉപയോഗിക്കാനും കഴിയുമെന്ന സ്ഥിതി വന്നു.

രാജാക്കന്മാർ ആഢംബരത്തിന്റെ ചിഹ്നമായി ഈ ലോഹം ഉപയോഗിച്ചു. സ്വർണ്ണകിരീടം, സ്വർണ്ണ വാൾ, സ്വർണ്ണ കസേരകൾ, സ്വർണ്ണ രഥം, സ്വർണ്ണ കട്ടിലുകൾ, സ്വർണ്ണ തളികകൾ എന്നിങ്ങനെ എന്തും സ്വർണ്ണത്താൽ നിർമ്മിച്ച് ഉപയോഗിച്ചു വന്നതായി ചരിത്രത്തിൽ വായിക്കുന്നു. ആധുനിക ലോകത്ത് സ്വർണ്ണ കാറും, കുളിമുറിയിൽ സ്വർണ്ണ ക്ലോസറ്റ് ഉപയോഗിക്കുന്ന രാജാക്കന്മാരെപ്പറ്റിയും കേൾക്കാൻ ഇടയാകുന്നു. ചുരുക്കത്തിൽ രാജസിംഹാസനം മുതൽ കുചേലന്റെ കുടിലുകൾ വരെ ഏത് രൂപത്തിലും കടന്നുചെല്ലാൻ കഴിയുന്ന ഒരു ലോഹവും അമൂല്ല്യവസ്തുവും ആയി സ്വർണ്ണം മാറിയിരിക്കുന്നു.

വിവാഹ കമ്പോളത്തിൽ സ്വർണ്ണം സ്ത്രീധനത്തിന്റെയും, വിലപേശലിന്റെയും പര്യായമായി മാറിയപ്പോൾ ധനാഢ്യന്മാർ തങ്ങളുടെ സമ്പത്തിന്റെ അടയാളമായി വധൂവരന്മാരിലൂടെ ആഭരണങ്ങൾ പ്രദർശിപ്പിച്ചു. സമൂഹമാന്യതയ്ക്കായി പാവപ്പെട്ടവരും ഈ പാതയിലൂടെ സഞ്ചരിക്കുന്നു എന്നും പറയാതെ തരമില്ല.

1990 വരെ ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന സ്വർണ്ണപരിധി 300 ഗ്രാം ആയിരുന്നുവെങ്കിൽ 1990 ന് ശേഷം ഈ പരിധി നീക്കം ചെയ്തത് ആർഭാടങ്ങൾക്ക് തുണയായി. മരുന്നിന്റെയും ഒരു ഗ്ലാസ്സ് ജ്യൂസിന്റെയും ഏടഠ 12% ആണെങ്കിൽ സ്വർണ്ണത്തിന്റെ ഏടഠ 3% ആയി കുറച്ചുകൊടുക്കുവാൻ ഭരണാധികാരികൾ തയ്യാറായി. ഇറക്കുമതി തീരുവയുടെ കാര്യത്തിലും സ്ഥിതി ഇതുതന്നെയാണ്. ചെരുപ്പും, ടൂത്ത്പേസ്റ്റും ഇറക്കുമതി ചെയ്താൽ 18% ഇറക്കുമതി നികുതി അടയ്ക്കണമെങ്കിൽ സ്വർണ്ണം ഇറക്കുമതിക്ക് 7.5% നികുതി അടച്ചാൽ മതി. സ്വർണ്ണ വ്യാപാരമേഖലയുടെ സ്വാധീന ശക്തിയാണ് ഇവിടെ വെളിവാകുന്നത്.

സ്വർണ്ണ വ്യവസായ വാണിജ്യമേഖലയുടെ പൊതുസ്ഥിതി ഇതാണെങ്കിൽ ഈ മേഖലയിലെ തൊഴിലാളികളുടെ പൊതുസ്ഥിതിയും ജീവിതവും ഈ വ്യവസായത്തിന്റെ ലാഭ വരുമാനങ്ങളുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്തതാണ്. സ്വർണ്ണാഭരണ നിർമ്മാണ മേഖലയിലെ തൊഴിലാളികൾ ആദിമകാലം മുതൽ ഒരു പ്രത്യേക സർക്ഷശേഷിയുള്ളവരാണ്. ഒരു നല്ല കലാകാരന്റെ കരവിരുതോടുകൂടി ഇവർ പ്രവർത്തിക്കുമ്പോൾ പല സ്വപ്നതുല്യമായ അതിശയ വസ്തുക്കളും രൂപമെടുക്കുന്നു. ഒരു പ്രത്യേക വസ്തുവിന്റെ ഭംഗിയിൽ ആകൃഷ്ടനായിട്ട് ഇനി ഒരിക്കലും മറ്റാർക്കും അതുപോലൊന്ന് നിർമ്മിച്ച് നൽകാൻ പാടില്ലെന്ന ദുഷ്ടതയിൽ തൊഴിലാളിയുടെ കൈ ഛേദിച്ച് കളഞ്ഞ സംഭവം വരെ ചരിത്രത്തിൽ നമ്മൾ വായിക്കുന്നു. സ്വർണ്ണപ്പണിക്കാരെ തട്ടാൻമാർ എന്ന പേരിൽ സമൂഹം വിളിപ്പേരിട്ട് ഒരു പ്രത്യേക സമുദായമായി ചിത്രീകരിച്ചു എന്ന് പറയാം. വലിയ പഠനങ്ങളോ, യൂണിവേഴ്സിറ്റി ബിരുദങ്ങളോ നേടിയിട്ടല്ല ഈ തൊഴിൽ മേഖലയിൽ ഈ തൊഴിലാളികൾ തങ്ങളുടെ പ്രാഗത്ഭ്യം തെളിയിച്ചുവരുന്നത്. മറിച്ച് പരമ്പരാഗതമായി ജനനം മുതൽ കണ്ടും,

കേട്ടും, ചെയ്തും അഭ്യസിച്ച് ഒരു കുലത്തൊഴിലിന്റെ മഹത്വത്തിൽ ഇവർ പണിയെടുക്കുന്നു. ഇത് തിരിച്ചറിഞ്ഞ് ഇവർക്ക് ലെസൻസ് നൽകുന്ന രീതിയും ഉണ്ടായി. ഇത്തരത്തിൽ ലൈസൻസ് നേടിയിട്ടുള്ള തട്ടാൻമാർ നിർബന്ധമായും സ്വർണ്ണവില്പന കടകളിൽ ഉണ്ടായിരിക്കണമെന്ന നിബന്ധനയും നിലനിന്നു.

സ്വർണ്ണ വ്യാപാരത്തിന്റെ വികസനം കണ്ടറിഞ്ഞ ചില വൻകിട കുത്തകക്കാരും കോർപ്പറേറ്റുകളും ഈ രംഗത്തേക്ക് കടന്നുവന്നപ്പോൾ തൊഴിലാളികളുടെ കരവിരുതോടുകൂടി കലാ സൃഷ്ടികളായി രൂപപ്പെട്ടിരുന്ന സ്വർണ്ണാഭരണങ്ങൾ യന്ത്രങ്ങളിലൂടെ രൂപപ്പെടുത്തുന്ന സ്ഥിതി വന്നു. ഇതേ ഉല്പന്നം ഇറക്കുമതി ചെയ്യുവാൻ കഴിയുന്ന സാഹചര്യം കൂടി വന്നപ്പോൾ, ആകർഷക ആഢംബര പരസ്യവിപണിയിലധിഷ്ഠിതമായി മാറി സ്വർണ്ണാഭരണ വ്യവസായം. പണിക്കൂലിയും, പണിക്കുറവും മീൻ ചന്തയിലെ ലേലം വിളി പോലെയായി. തലമുറകളായുള്ള തങ്ങളുടെ കുലത്തൊഴിൽ അന്യം നിന്നുപോകുന്നത് കണ്ട് കണ്ണീർ പൊഴിക്കാനേ പാവപ്പെട്ട തട്ടാൻ തൊഴിലാളികൾക്ക് കഴിഞ്ഞുള്ളൂ.



കരവേലയിൽ നിർമ്മിച്ച ഉല്പന്നമെന്ന പേരിൽ മൂല്യവർദ്ധിത വില്പനയ്ക്കായി ഒരു ചെറിയ വിഭാഗം തൊഴിലാളികളെ വ്യാപാരികൾ ഉപയോഗപ്പെടുത്തി വരുന്നു. അതോടൊപ്പം അറ്റകുറ്റപണികൾക്കായി മറ്റ് ചിലരെയും. ഇവർക്ക് നൽകുന്ന പ്രതിഫലമോ തീർത്തും ചൂഷണാത്മകം. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേതനം പോലും പല തൊഴിലാളികൾക്കും ലഭ്യമാകുന്നില്ല. 2009 ൽ സ്വർണ്ണ തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി സർക്കാർ നിയമംമൂലം നടപ്പിലാക്കി. അതിനെയും വ്യാപാരികൾ കോടതിയിൽ ചോദ്യം ചെയ്ത് തടസ്സപ്പെടുത്തിയിരിക്കുന്നു. 100 രൂപയുടെ കച്ചവടം നടക്കുമ്പോൾ 10 നയാപൈസ തൊഴിലുടമ ക്ഷേമനിധിയിലേക്ക് അടയ്ക്കണം എന്ന നിബന്ധനയ്ക്കെതിരെയാണ് തൊഴിലുടമകളും വ്യാപാരികളും സുപ്രീംകോടതി വരെ കേസ്സുമായി പോയിരിക്കുന്നത്. കേരളത്തിലെ തൊഴിലാളി തൊഴിലുടമ ബന്ധത്തിൽ വ്യാപാരി വ്യവസായി സമൂഹം കൈക്കൊള്ളുന്ന പൊതുസമീപനമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വന്ന് 12 വർഷമായിട്ടും ഇതിനൊരു പരിഹാരമുണ്ടാകുവാൻ കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല.

കേവലം ഒരു ലോഹമായ സ്വർണ്ണത്തിന് ദിനംപ്രതി ക്രമാതീതമായി വില ഉയരുമ്പോൾ ഇതിന്റെ സാമ്പത്തിക ശാസ്ത്രം ഇന്നും സാധാരണക്കാർക്ക് മനസ്സിലാകാത്തതാണ്. വൻകിട ഉല്പാദകരും, ലോബികളും, ഇടനിലക്കാരും ഇതുമായി ബന്ധപ്പെട്ട വ്യാപാരി സമൂഹവും ആണ് ഇതിന് പിന്നിലെന്ന് അരിയാഹാരം കഴിക്കുന്ന ആർക്കും മനസ്സിലാകും. ഒരു കടയിൽ നിന്ന് വാങ്ങിയ ആഭരണം മറ്റൊരു കടക്കാരൻ എടുത്ത് വില നൽകാത്ത സാഹചര്യവും നിലനിൽക്കുന്നു. ഓരോരുത്തരും വിൽക്കുന്ന സ്വർണ്ണം മാത്രമെ അവരവർ തിരിച്ചെടുക്കൂ. ഈ വ്യാപാര വ്യവസ്ഥ മറ്റൊരു ഉൽപ്പന്നതിനും ഇല്ലാത്തതാണ്. ഇതിന്റെ പൊള്ളത്തരം തെളിച്ച് പറയുന്നില്ല. ആർക്കും ഊഹിക്കാവുന്നതേയുള്ളൂ.

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് (ആക്ട്) 916, 22 കാരറ്റ് ശുദ്ധമായ സ്വർണ്ണം എന്ന പരസ്യത്തോട് കൂടിയാണ് വിൽപന. അതായത് 91.6% സ്വർണ്ണം ഉൾകൊള്ളുന്ന ലോഹമെന്നാണ് എല്ലാവരും പരസ്യം ചെയ്യുന്നത്. അങ്ങനെയെങ്കിൽ എന്തുകൊണ്ട് ഏത് കടയിൽ നിന്ന് വാങ്ങിയാലും ഓരേ ഗുണമല്ലേ ഈ സ്വർണ്ണലോഹത്തിന് ഉള്ളത്. ജനങ്ങൾ വാങ്ങുന്ന സ്വർണ്ണത്തിന്റെ 916 ബോധ്യപ്പെടുത്തൽ പരസ്യവും കടക്കാരൻ പറയുന്നത് മാത്രം.

ചുരുങ്ങിയ കാലയളവിനുള്ളിൽ സ്വർണ്ണ വ്യാപാരികൾ ശതകോടീശ്വരന്മാരും, സഹസ്രകോടീശ്വരന്മാരും ആയി മാറുന്നതിന് പിന്നിലെ സാമ്പത്തിക രഹസ്യവും സാമാന്യബുദ്ധിക്ക് ഊഹിക്കാവുന്നതേയുള്ളൂ. അന്യരാജ്യങ്ങളിൽ നിന്നുള്ള കള്ളക്കടത്തിന്റെ പ്രധാന വസ്തു സ്വർണ്ണമാണ്. വിമാനമാർക്ഷം ദിനംപ്രതി അനധികൃത സ്വർണ്ണം വിവിധ വിമാനത്താവളങ്ങൾ വഴി കടന്നു വരുന്നു. കിലോക്കണക്കിന് സ്വർണ്ണവുമായി പിടിക്കപ്പെടുന്നവരുടെ പൊതുസ്ഥിതി അന്വേഷിച്ചാൽ 10 ഗ്രം സ്വർണ്ണം പോലും വാങ്ങാൻ ഗതിയില്ലാത്തവരാണെന്ന് കാണാം. അപ്പോൾ ഈ സ്വർണ്ണം ആർക്ക് വേണ്ടി കൊണ്ടു വരുന്നു? ഇത് കണ്ടെത്താൻ മാർക്ഷമില്ലാത്തതല്ല. മനഃപൂർവ്വം കണ്ടെത്തുകയില്ല. കാരണം, അവരുടെ സ്വാധീനശക്തി അത്രവലുതാണ്.


അന്വേഷണ ഏജൻസികളുടെ റിപ്പോർട്ട് പ്രകാരം സ്വപ്ന സുരേഷും കൂട്ടരും തിരുവനന്തപുരം വിമാനത്താവളം വഴി ചുരുങ്ങിയ കാലം കൊണ്ട് 100 കണക്കിന് കിലോ സ്വർണ്ണം 32 പ്രാവശ്യമായി കടത്തിയെന്ന വാർത്ത അറിഞ്ഞിരി

ക്കുന്നു. സിബിഐ, എൻ.ഐ.എ, ഇ.ഡി, കസ്റ്റംസ് തുടങ്ങി എല്ലാ അന്വേഷണ ഏജൻസികളും കൂടി അന്വേഷിച്ച് ഇപ്പോഴിതാ ഇതിൽ ഉൾപ്പെട്ട എല്ലാവരും ജാമ്യം ലഭിച്ച് പുറത്തു വന്നിരിക്കുന്നു. ഒരു കേസ്സും അന്വേഷണവും ഇതാണെങ്കിൽ 100 കണക്കിന് സ്വപ്ന സുരേഷുമാർ ഇപ്പോഴും ഈ രംഗത്ത് സജീവം. അതാണ് സ്വർണ്ണ ലോഹത്തിന്റെ ശക്തി.

സ്വർണ്ണാഭരണ നിർമ്മാണ തൊഴിലാളികളുടെ അവസ്ഥയോടൊപ്പം പരിതാപകരമാണ് പാന്റും കോട്ടും ടൈയ്യും കെട്ടി സുസ്മേര വദനരായി സ്വർണ്ണക്കടകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സ്ഥിതി. ഉൽപാദനം – ഉൽപാദന ക്ഷമത – ലാഭം അടിസ്ഥാനമാക്കിയുള്ള വേതനഘടന ഒരു സ്ഥാപനത്തിലും നിശ്ചയിക്കപ്പെടുന്നില്ല. നിയമപ്രകാരമുള്ള മിനിമം വേതനവും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന സംഭവങ്ങൾ നിരവധിയാണ്.

സ്വർണ്ണ വ്യവസായ വാണിജ്യ മേഖലയിൽ സർക്കാരിന്റെ കാര്യമായ ഇടപെടൽ അനിവാര്യമാണ്. പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുവാനും ആഗോളമാർക്കറ്റിൽ കരനിർമ്മിത ഉൽപന്നങ്ങൾക്ക് നല്ല വിപണിയുള്ളതിനെ പ്രയോജനപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനും വ്യാപാരത്തിനുമുള്ള നയപ്രഖ്യാപനങ്ങളും നടപടികളും ഉണ്ടാകണം. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തണം. ഉൽപാദന വിപണന രംഗങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഉൽപാദനക്ഷമതയും ലാഭവുമായി ബന്ധപ്പെടുത്തി മെച്ചപ്പെട്ട സേവന – വേതന വ്യവസ്ഥകൾ നിയമം മൂലം നടപ്പിലാക്കണം. സ്വർണ്ണമേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി പുനഃസ്ഥാപിക്കുകയും സെസ്സ് പിരിവ് കർശനമായി നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കാലത്തിന്റെയും ലോകത്തിന്റെ മൂല്യം നിർണ്ണയിക്കുന്ന സ്വർണ്ണ ലോഹത്തിന്റെ പ്രശസ്തിയ്ക്കും പ്രൗഢിയ്ക്കും അനുസരിച്ചുള്ള മാന്യത ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി സമൂഹത്തിന് നൽകുവാൻ തൊഴിലുടമകളും സർക്കാരും സമൂഹവും തയ്യാറാകണം.

# നുറുങ്ങുകൾ അറിവുകൾ



## ഇൻക്വിലാബ് സിന്ദാബാദ്

ഇൻക്വിലാബ് സിന്ദാബാദ് – (വിപ്ലവം നീളാൾ വാഴട്ടെ). ഈ മുദ്രാവാക്യം ഉറുദു വാക്കാണ്. 1904 മുതൽ കോഗ്രസ്സുകാരനായിരു ഉറുദുകവി മൗലാനാ ഹസറത്ത് മൊഹാനി തന്റെ കവിതയിലൂടെ 1921 ൽ രചിച്ച വാക്കാണ് ഇൻക്വിലാബ് സിന്ദാബാദ്. 1921 ലെ അഹമ്മദാബാദ് കോൺഗ്രസ്സ് സമ്മേളനത്തിൽ അദ്ദേഹം ഇത് മുദ്രാവാക്യമായി മുഴക്കി.

കോഗ്രസ്സ്കാർ ഇൻക്വിലാബ് സിന്ദാബാദ് മുദ്രാവാക്യം വിളിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യയിൽ രൂപീകരിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നത് 1925 ഡിസംബർ 26 നാണ്.

അതിനാൽ ഇൻക്വിലാബ് സിന്ദാബാദ് എന്ന മുദ്രാവാക്യം ഐ.എൻ.റ്റി.യു.സി.കാർക്ക് യാതൊരു ശങ്കയും കൂടാതെ ആവേശപൂർവ്വം വിളിക്കാം

– ഏറ്റുവിളിക്കാം.



## സഖാവ്

സഹപ്രവർത്തകരെ പരസ്പരം അഭിസംബോധന ചെയ്യുന്ന ഒരു വാക്കാണ് കോമറേഡ് അഥവാ മലയാളത്തിൽ സഖാവ് എന്നത്. സ്പാനിഷ് ഭാഷയിൽ നിന്നും ഉത്ഭവിച്ചതാണ് ഈ വാക്ക്. 18–ാം നൂറ്റാണ്ടിൽ 1793 ൽ ഫ്രഞ്ച് വിപ്ലവകാലത്ത് രൂപപ്പെട്ട ഒരു വാക്കിന്റെ പരിഷ്ക്കരിച്ച പദമാണിത്. രാജവാഴ്ചക്കാലത്ത് ഫ്രാൻസിലെ രാജാക്കൻമാരെ അഭിസംബോധന ചെയ്തിരുന്നത് മൈ ലോർഡ് (എന്റെ ദൈവമേ) എന്നാണ്. ഫ്രഞ്ച് വിപ്ലവത്തിന് ശേഷം ജനങ്ങൾ രാജാവിനെ സിറ്റിസൺ എന്ന ഇംഗ്ലീഷ് വാക്കിന് സമാനമായ സിറ്റോറിയൻ (പൗരൻ) എന്ന വാക്ക് ഉപയോഗിച്ചു വന്നു. ഇംഗ്ലണ്ട്കാർ മിസ്റ്റർ എന്നും ഉപയോഗിച്ചുതുടങ്ങി. ജർമ്മൻകാർ കോമറേഡ് എന്നും വിളിക്കാൻ തുടങ്ങി. റഷ്യക്കാർ ടൊവാറിച്ച് എന്നും, ചൈനക്കാർ ടോഗ്സി എന്നും ഉപയോഗിച്ചുവന്നു. കോമറേഡ് എന്ന ജർമ്മൻ പദത്തിന്റെ മലയാളം പരിഭാഷ സഖാവ് എന്ന് ഇവിടെയും ഉപയോഗിക്കാൻ തുടങ്ങി. ഈ എല്ലാ വാക്കുകളുടെയും അർത്ഥം സുഹൃത്ത്, കൂട്ടുകാരൻ എന്ന് മാത്രമാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രസംഗത്തിൽ പലപ്പോഴും ഈ പദം ഉപയോഗിച്ചിരുന്നു. അതുകൊണ്ട് സഖാവ് എന്ന വാക്ക് ഉപയോഗിക്കുന്നതിലും ഐ.എൻ.റ്റി.യു.സി.കാർക്ക് ആശങ്ക വേണ്ട

ഫ്രഞ്ചു വിപ്ലവം നടന്ന 1793 ൽ കാറൽമാക്സ് ജനിച്ചിട്ടില്ല. അദ്ദേഹം ജനിച്ചത് 1818 ൽ ആണ്.


BAJAJ
Maxima Z
CNG മികച്ചതാണ്
ഇപ്പോൾ ചിലവ്
വളരെ കുറവ്!
BAJAJ
THE WORLD'S FAVOURITE INDIAN
കല്ലിംഗൽ ബജാജ്
Tel : 9747211279


ADMISSION STARTED..!! Call 8281702020
India's largest
students strength
in Animation & VFX
BSc
ANIMATION
AND
VISUAL
EFFECTS
Apply now
MOHANLAL'S
VISMAYAMAX
ANIMATIONS

### 2021 നവംബർ 20 ന് ഡൽഹിയിൽ നടന്ന ഐ.എൻ.റ്റി.യു.സി. ദേശീയ വർക്കിംഗ് കമ്മിറ്റി പാസ്സാക്കിയ പ്രക്ഷോഭ നയപ്രഖ്യാപനം

# ജനങ്ങളെ രക്ഷിക്കൂ – രാജ്യത്തെ രക്ഷിക്കൂ

കോവിഡ് എന്ന ലോകമഹാമാരി മൂലം തൊഴിലാളികളും ജനങ്ങളും ഭയത്തിലും ജീവിത ദുരിതത്തിലും ആയ സന്ദർഭത്തിൽ തൊഴിലാളിവിരുദ്ധ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 4 ലേബർ കോഡുകളും, കർഷകദ്രോഹവ്യവസ്ഥകൾ അടങ്ങുന്ന 3 കാർഷികബന്ധ നിയമങ്ങളും കേന്ദ്രസർക്കാർ പാസ്സാക്കിയിരിക്കുന്നു. ഇതോടൊപ്പം ലാഭമുണ്ടാക്കുന്ന 292 ഓളം മഹാരത്ന, നവരത്ന, മിനിരത്ന പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കുകയോ, പാട്ടത്തിന് നൽകുകയോ ചെയ്യുന്ന സർവ്വനാശപരമായ പ്രവർത്തനങ്ങൾക്കും തുടക്കമിട്ടിരിക്കുന്നു. കഴിഞ്ഞ ഏഴര പതിറ്റാണ്ടായി ജനങ്ങളുടെ പൊതുപണം ഉപയോഗിച്ച് നിർമ്മിച്ച മിക്കവാറും എല്ലാ അടിസ്ഥാന സൗകര്യ ആസ്തികളും സ്വകാര്യ കൈകളിലേക്ക് മറിച്ച് കൊടുക്കുവാൻ സർക്കാർ ധൃതികാട്ടുന്നു. ന്യൂനപക്ഷ ഓഹരികൾ സർക്കാർ കൈവശം നിലനിർത്തി ഒരു പരിധിവരെ സൗജന്യമായുള്ള സ്വകാര്യ കൈമാറ്റമാണ് ഇന്ന് നടക്കുന്നത്. ഇതിന് നാഷണൽ അസറ്റ് മോണിറ്റൈസേഷൻ പൈപ്പ്ലൈയിൻ പ്രോജക്ട് (NMP) എന്ന പേരും നൽകിയിരിക്കുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം മൂലം തൊഴിലാളികളും, ജനങ്ങളും പൊറുതിമുട്ടിയിരിക്കുന്നു. അനാവശ്യ നോട്ട് നിരോധനം, അശാസ്ത്രീയ ഏടാ സമ്പ്രദായം, അമിത നികുതിഭാരം, അനിയന്ത്രിത ഇറക്കുമതി എന്നിവമൂലം വ്യവസായ, വാണിജ്യ, കാർഷിക, സേവന മേഖലകളുടെ പ്രവർത്തനങ്ങൾ ആകെ തകർന്നു. തൊഴിലാളികൾക്ക് ജോലിയും കൂലിയും ഇല്ലാതായി. പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് വരുത്തിയിരിക്കുന്ന ജീവിതപ്രയാസത്തിന്റെ തോത് നിർണ്ണയിക്കാൻ കഴിയുന്നതിലും എത്രയോ കൂടുതലാണ്. മരുന്നിന്റെയും, ചികിത്സയുടെയും, വിദ്യാഭ്യാസത്തിന്റെയും ചിലവുകൾ ഭയപ്പെടുത്തുംവിധമാണ്. ഇതിന്റെയെല്ലാം ദുരിതങ്ങൾ പട്ടിണിയിലേക്കും, ദാരിദ്ര്യത്തിലേക്കും തൊഴിലാളികളെയും ജനങ്ങളെയും നയിക്കുന്നു. ഇതുമൂലം 106 രാജ്യങ്ങളിലെ ആഗോള പട്ടിണി സൂചികയിൽ ഇൻഡ്യ 101-ാം സ്ഥാനത്തേയ്ക്ക് ഇന്ന് തള്ളപ്പെട്ടിരിക്കുന്നു.

ഈ തൊഴിലാളിവിരുദ്ധ ജനവിരുദ്ധ നയങ്ങൾക്കും നടപടികൾക്കും കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്തവേദി നിരന്തരപ്രക്ഷോഭത്തിലാണ്. പണിമുടക്കുകളും, ധർണ്ണകളും, നിരാഹാരസമരങ്ങളും നിരവധി നടത്തി. രാജ്യത്തെ 25 കോടി തൊഴിലാളികൾ പങ്കെടുത്ത രണ്ട് ദിവസത്തെ പണിമുടക്ക് ചരിത്രസംഭവമായിരുന്നു.

അന്തർദേശീയ തൊഴിലാളി വേദിയായ ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷന് (ILO) മുമ്പിൽ രാജ്യത്തെ തൊഴിലാളിവിരുദ്ധ നടപടികൾ നമ്മൾ ഉന്നയിക്കുന്നു. അവരുടെ ഇടപെടൽ ഉണ്ടാകുന്നു. 2021 നവംബർ 11 ന് ഡൽഹിയിലെ ജന്തർമന്തറിൽ നടന്ന ദേശീയ സംയുക്ത തൊഴിലാളി കൺവെൻഷൻ നിലവിലെ വിനാശകരമായ സർക്കാർ നിലപാടുകൾക്കെതിരെ ശക്തമായ പണിമുടക്കിനും, പ്രക്ഷോഭത്തിനും ആഹ്വാനം ചെയ്തിരിക്കുന്നു. തൊഴിൽ നിയമഭേദഗതികൾ പിൻവലിക്കുക, കർഷകവിരുദ്ധ നിയമങ്ങൾ പിൻവലിച്ച് കാർഷികോല്പന്നങ്ങൾക്ക് ശാസ്ത്രീയമായി തറവില നിശ്ചയിക്കുക, വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കുക, സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക, N.M.P റദ്ദ് ചെയ്യുക, ആദായനികുതിക്ക് പുറത്തുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 7500 രൂപാ കോവിഡ് ധനസഹായം അനുവദിക്കുക, തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ ദിനങ്ങളും, പ്രതിദിന കൂലിയും വർദ്ധിപ്പിക്കുക, തൊഴിലുറപ്പ് പദ്ധതി നഗരങ്ങളിലും നടപ്പിലാക്കുക, സാർവ്വത്രിക സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്തുക, അംഗനവാടി, ആശ, മിഡ് ഡേ മീൽ, NHM, പാലിയേറ്റീവ് കെയർ, സാക്ഷരതാ പ്രേരക്ക് എന്നീ സ്കീം തൊഴിലാളികൾക്ക് മാന്യമായ വേതനവും, ആരോഗ്യസുരക്ഷയും ഉറപ്പ് വരുത്തുക, സമ്പന്നരിൽ നിന്ന് കൂടുതൽ നികുതി ഈടാക്കി കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, റോഡുകൾ തുടങ്ങി പൊതു ഉപയോഗരംഗങ്ങൾ ശക്തിപ്പെടുത്തുക, പെട്രോളിയം ഉല്പന്നങ്ങളുടെ അമിത എക്സൈസ് തീരുവയും മറ്റ് സെസ്സുകളും കുറയ്ക്കുക, വിലക്കയറ്റം തടയുന്നതിന് കർശന നടപടി സ്വീകരിക്കുക, കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക, N.P.S ഉപേക്ഷിക്കുക എന്നീ മൗലീക ആവശ്യങ്ങൾ ഉന്നയിച്ചാണ് സംയുക്ത പ്രക്ഷോഭങ്ങൾ നടത്തിവരുന്നത്.

സംയുക്ത തൊഴിലാളി കൺവെൻഷന്റെ മേല്പറഞ്ഞ തീരുമാനങ്ങൾ ഐ.എൻ.റ്റി.യു.സി. ദേശീയ വർക്കിംഗ് കമ്മിറ്റി അംഗീകരിക്കുന്നു. 2022 ലെ ബഡ്ജറ്റ് സമ്മേളന അവസരത്തിൽ രാജ്യവ്യാപകമായ പണിമുടക്കിന് തയ്യാറെടുക്കുവാൻ വർക്കിംഗ് കമ്മിറ്റി തൊഴിലാളികളോട് അഭ്യർത്ഥിക്കുന്നു. തൊഴിലാളികളെയും ജനങ്ങളെയും രക്ഷിക്കാനായി നടക്കുന്ന സംയുക്ത ട്രേഡ് യൂണിയൻ പോരാട്ടം വിജയിപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

---

ഇംഗ്ലീഷിലുള്ള നയപ്രഖ്യാപനം പരിഭാഷപ്പെടുത്തിയത്
വി.ജെ. ജോസഫ്, ഐ.എൻ.റ്റി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറി.



Kosamattam Finance
SUPER GOLD LOAN
Simple ആണ്
Super ആണ്
കൊശമറ്റം ഫിനാൻസ് നിങ്ങൾക്കായ് അവതരിപ്പിക്കുന്നു
സൂപ്പർ ഗോൾഡ് ലോൺ.
നിങ്ങളുടെ ഓരോ ആവശ്യങ്ങൾക്കുമുള്ള
സുതാര്യമായ ഒരു ഗോൾഡ് ലോൺ സ്കീം.
മറഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഇല്ലാത്ത ഗോൾഡ് ലോൺ
ഗ്രാമിന് പരമാവധി വായ്പ
ഉടനടി പണം
ഏറ്റവും കുറഞ്ഞ പലിശ
Download FinKo App
കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ അടുത്തുള്ള കൊശമറ്റം ശാഖയുമായി ഉടൻ ബന്ധപ്പെടുക
Kosamattam Finance Ltd.
SINCE 1850
Trust grows with time
Regd. Office: Kosamattam M.K.C Building, Market Jn., M.L.Road, Kottayam.
Ph: 0481-2586400 www.kosamattam.com

**2021 നവംബർ 20 ന് ഡൽഹിയിൽ നടന്ന ഐ.എൻ.റ്റി.യു.സി.**
**305-ാം ദേശീയ വർക്കിംഗ് കമ്മിറ്റി ഐക്യകണ്ഠേന പാസ്സാക്കിയ**

# രാഷ്ട്രീയ പ്രമേയം

തുടക്കം മുതൽ ഐ.എൻ.റ്റി.യു.സി കോൺഗ്രസ്സുമായി വളരെ അടുത്ത ബന്ധം പുലർത്തുന്നു. ഐ.എൻ.റ്റി.യു.സി സ്വന്തം ഭരണഘടനയാൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നു. അതേസമയം കോൺഗ്രസിന്റെ ഒരു വിഭാഗമായും പ്രവർത്തിച്ചു വരുന്നു. ഐ.എൻ.റ്റി.യു.സി.യും കോൺഗ്രസ്സും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പരസ്പര താൽപ്പര്യമുള്ള വിഷയങ്ങളിൽ ഇരു സംഘടനകളും തമ്മിൽ തുടർച്ചയായ ചർച്ചകൾ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പല അവസരങ്ങളിലും കൂടിയാലോചനകൾ നടന്നിട്ടുണ്ട്. മുൻകാലങ്ങളിൽ ഇതിനായി ഏകോപന സമിതികൾ ഉണ്ടായിരുന്നു. ഇത്തരത്തിൽ ബന്ധം പുനഃസ്ഥാപിക്കാൻ അടുത്തിടെ കോൺഗ്രസ് നേതാക്കളായ ശ്രീ. മല്ലികാർ ജുൻ ഖാർഗെയെയും ശ്രീ. ദിഗ്‌വിജയ് സിംഗിനെയും നിയോഗിച്ചു. അവരുടെ നല്ല പ്രതികരണത്തിനായി നമ്മൾ കാത്തിരിക്കുന്നു.

ഐ.എൻ.റ്റി.യു.സി എല്ലായ്പ്പോഴും കോൺഗ്രസ് പാർട്ടിയ്ക്കൊപ്പം നിൽക്കുകയും കോൺഗ്രസ് പാർട്ടിയുടെ സാമ്പത്തിക രാഷ്ട്രീയ നയങ്ങളെ പിന്തുണക്കുകയും അതിന്റെ നയങ്ങളിലും പരിപാടികളിലും കോൺഗ്രസിന് പൂർണ്ണപിന്തുണ നൽകുകയും ചെയ്തു വന്നിരുന്നു. തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിലും പാർട്ടി നൽകുന്ന പ്രവർത്തന ആഹ്വാനങ്ങളിലും ഐ.എൻ.റ്റി.യു.സി എപ്പോഴും മുൻപന്തിയിലായിരുന്നു.

എന്നാൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി കോൺഗ്രസ്സ് പാർട്ടി ഐ.എൻ.റ്റി.യു.സി യോട് അനുകൂല നിലപാട് സ്വീകരിക്കുന്നതായി കാണുന്നില്ല. കോൺഗ്രസ് പാർട്ടിയിൽ നിന്നുള്ള ഏകോപനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും അഭാവമായി നമ്മൾ ഇതിനെ വിലയിരുത്തുന്നു. കോൺഗ്രസ്സിനെ ഒരു തൊഴിലാളി പാർട്ടിയായി ഉയർത്തി കാട്ടാൻ ആഗ്രഹിക്കാത്തതാണ് ഇതിന് കാരണം. ഐ.എൻ.റ്റി.യു.സി.ക്ക് കോൺഗ്രസ്സിന്റെ എല്ലാ വേദികളിലും അർഹമായ ബഹുമാനവും പ്രാതിനിധ്യവും നൽകുമെന്ന കോൺഗ്രസ് നേതൃത്വത്തിന്റെ ഉറപ്പ് കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിലോ, സംസ്ഥാന അസംബ്ലി ലെജിസ്ലേറ്റീവ് കൗൺസിൽ തെരഞ്ഞെടുപ്പുകളിലോ സ്ഥാനാർഥി നിർണ്ണയത്തിൽ ഐ.എൻ.റ്റി.യു.സിയെ പരിഗണിച്ച് കണ്ടിട്ടില്ല.

പാർലമെന്റിൽ തൊഴിലാളികളുടെ ശബ്ദത്തിന്റെ അഭാവമാണ് ജനാധിപത്യത്തിന്റെ സമ്പൂർണ്ണവും മാപ്പർഹിക്കാത്തതുമായ ലംഘനത്തിന് കാരണം. ഇതാണ് 4 തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ കൊണ്ടുവരുന്നതിന് സർക്കാരിന് പ്രോത്സാഹനമായത്. ഐ.എൻ.റ്റി.യു.സി.യിൽ നല്ലവരും കഠിനാധ്വാനികളും കഴിവുള്ളവരും അർഹതയുള്ളവരുമായ നേതാക്കളുണ്ട്. എന്നിട്ടും കോൺഗ്രസ് പാർട്ടി എപ്പോഴും തൊഴിലാളി പ്രാതിനിധ്യത്തെ അവഗണിക്കുന്നു. 3 കോടി 56 ലക്ഷം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഉൾപ്പെടുന്ന ഐ.എൻ.റ്റി.യു.സി.യെ പാർട്ടി പൂർണ്ണമായും പിന്തുണച്ചാൽ, അത് അടുത്ത പൊതുതെരഞ്ഞെടുപ്പിൽ കേന്ദ്രത്തിൽ കോൺഗ്രസ് പാർട്ടിയുടെ ശക്തമായ തിരിച്ചുവരവിന് വഴിയൊരുക്കും. രാജ്യത്തെ തൊഴിലാളിവർഗത്തിന്റെ താൽപര്യം കണക്കിലെടുത്ത്, കോൺഗ്രസ് പാർട്ടി എല്ലാ തലങ്ങളിലും ഐ.എൻ.റ്റി.യു.സി.യ്ക്ക് പിന്തുണ നൽകുന്നത് അഭികാമ്യമായിരിക്കും.

ഐ.എൻ.റ്റി.യു.സി കോൺഗ്രസ് പ്രസിഡന്റിന് പൂർണ്ണ പിന്തുണയും സഹകരണവും നൽകുന്നു. ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, ഗോവ, മണിപ്പൂർ എന്നീ 5 സംസ്ഥാനങ്ങളിലെ വരാനിരിക്കുന്ന സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് സ്ഥാനാർത്ഥികളെ പിന്തുണയ്ക്കാൻ ഐ.എൻ.റ്റി.യു.സി ദേശീയ വർക്കിംഗ് കമ്മിറ്റി തീരുമാനിക്കുന്നു.

---

വർക്കിംഗ് കമ്മിറ്റിയിൽ ഈ പ്രമേയം അവതരിപ്പിച്ച് ദേശീയ വൈസ് പ്രസിഡന്റ്
ശ്രീ. ആർ. ചന്ദ്രശേഖരൻ സംസാരിച്ചു.

ഇംഗ്ലീഷിലുള്ള പ്രമേയം പരിഭാഷപ്പെടുത്തിയത്
വി.ജെ. ജോസഫ്, ഐ.എൻ.റ്റി.യു.സി. സംസ്ഥാനജനറൽ സെക്രട്ടറി.

# CO-OPERATIVE ARTS AND SCIENCE COLLEGE

An undertaking of T.T.E.C.S, Controlled by Dept. of Co-operation, Govt. of Kerala

Opp. AYURVEDA COLLEGE, THAMPANOOR, TVM -1

Ph:2330422, 4068047, 9447024034

Email : cooperativecollege78@gmail.com

www.cooperativecollege.in

## ADMISSION CONTINUES




**BBA**

**BA**

Economics, Sociology, History, English, Hindi, Politics, Malayalam & Public Administration

**MA**

Economics, Sociology, History, Politics, English & Malayalam

**BCom**

Taxation / Co-operation, Computer Application

**MCom**

Finance

**MBA**

**BSc**

Maths / Computer

**MSc**

Maths / Computer Science

**BCA**

APPROVED CENTRE FOR **C-Dit**

DCA, DCFM, DDTP, PGDCA, DIM, ADCTT, Certificate Courses

Tally + GST

## 2021 നവംബർ 20 ന് ഡൽഹിയിലെ NDMC കൺവെൻഷൻ സെന്ററിൽ ചേർന്ന ഐ.എൻ.റ്റി.യു.സി. 305-ാം ദേശീയ വർക്കിംഗ് കമ്മിറ്റി ഐക്യകണ്ഠേന പാസ്സാക്കിയ കോൺഗ്രസ്സ് - ഐ.എൻ.റ്റി.യു.സി. ബന്ധം സംബന്ധിച്ച പ്രമേയം

രാജ്യത്തെ അദ്ധ്വാനവിഭാഗമായ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ സ്വാതന്ത്ര്യത്തിന് മുമ്പ് 1920 മുതൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തൊഴിലാളികളുടെ മാന്യമായ ജീവിതനിലവാരം ഉയർത്തുന്നതിനും സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവും ആയ ഉയർന്ന തലങ്ങളിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും തൊഴിലാളി യൂണിയനുകളുടെ രൂപീകരണം അനിവാര്യമാണെന്ന പ്രമേയം കാലാകാലങ്ങളിൽ കോൺഗ്രസ്സ് പാസ്സാക്കിയിരുന്നു. ഈ ലക്ഷ്യം മുൻനിർത്തി 1920 ൽ ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം കോൺഗ്രസ്സ് അകഠഡഇ രൂപീകരിച്ചത് ഈ സന്ദർഭത്തിൽ ഓർമ്മിക്കപ്പെടേണ്ടതാണ്.

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ്പട്ടേൽ, ജി.ബി. കൃപലാനി തുടങ്ങിയ ദേശസ്നേഹികളും മഹാരഥന്മാരും ആയ നേതാക്കൾ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും കൂട്ടായ വിലപേശലിനുമായിട്ടാണ് 1947 മെയ് 3 ന് ഐ.എൻ.റ്റി.യു.സി. സ്ഥാപിക്കാൻ ഇടയായതെന്ന വസ്തുത നമ്മൾ വിസ്മരിക്കരുത്.

സ്വതന്ത്ര സ്വഭാവത്തിൽ പ്രവർത്തിക്കുമ്പോൾ തന്നെ യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ ശക്തമായ കരങ്ങളായി ഐ.എൻ.റ്റി.യു.സി. പ്രവർത്തിക്കുന്നു. ഐ.എൻ.റ്റി.യു.സിയുടെയും കോൺഗ്രസ്സിന്റെയും ആശയങ്ങളുടെ യോജിപ്പാണ് ഇതിന് പ്രധാന കാരണം. ഇതിനർത്ഥം കോൺഗ്രസ്സും ആയി യാതൊരു ഭിന്നതയും ഇല്ല എന്നതല്ല. ഇരുവിഭാഗങ്ങളും തങ്ങളുടെ സ്വതന്ത്ര ആഭ്യന്തര പ്രവർത്തനങ്ങളിൽ ഇടപെടുകയില്ലെന്ന് ആരംഭം മുതൽ പരസ്പരം തീരുമാനിച്ചിട്ടുള്ളതാണ്. തൊഴിലാളി പ്രവർത്തനം നടത്താൻ ആഗ്രഹിക്കുന്ന കോൺഗ്രസ്സ് നേതാക്കൾ തനിച്ചുള്ള പ്രവർത്തനങ്ങൾ നടത്തരുതെന്നും ഐ.എൻ.റ്റി.യു.സിയും ആയി ബന്ധപ്പെട്ടും ഐ.എൻ.റ്റി.യു.സിയുടെ അച്ചടക്കത്തിന് വിധേയമായും മാത്രമേ പ്രവർത്തിക്കാവൂ എന്നുമുള്ള കർശനമായ നിർദ്ദേശം കോൺഗ്രസ്സ് പ്രസിഡന്റ് 1975 ൽ എല്ലാ കോൺഗ്രസ്സ് നേതാക്കൾക്കും നൽകിയിട്ടുള്ളതാണ്. ഇതിൽ മറിച്ചൊരു തീരുമാനം അകഇഇ ഇന്ന് വരെ കൊക്കൊണ്ടിട്ടില്ല. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ നിലവിൽ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് കോൺഗ്രസ്സ് എന്ന വിഭാഗം രൂപീകരിച്ചതിലൂടെ ഐ.എൻ.റ്റി.യു.സിയുടെ പ്രധാന്യം അവഗണിക്കുന്ന സമീപനം സ്വീകരിക്കുന്നതായി കാണുന്നു. നിയമപരമായി യാതൊരു സാധുതയും ഇല്ലാത്ത ഇത്തരം വിഭാഗീയ സംഘടനകൾ രൂപീകരിക്കുന്നതുവഴി കചഠഡഇ യുടെയും കോൺഗ്രസ്സിന്റെയും വിരുദ്ധ ശക്തികളെ പ്രോത്സാഹിപ്പിക്കുകയാണ് പാർട്ടി ചെയ്യുന്നത്. വർഷങ്ങളായി ഐ.എൻ.റ്റി.യു.സിക്ക് കീഴിൽ സംഘടിക്കപ്പെട്ടിട്ടുള്ള തൊഴിലാളികളും അവരുടെ കുടുംബങ്ങളുമാണ് കോൺഗ്രസ്സിന്റെ പ്രധാന വോട്ട് കേന്ദ്രം എന്ന വസ്തുത കോൺഗ്രസ്സ് പാർട്ടി വിസ്മരിക്കുന്നു. ഈ സാഹചര്യത്തിൽ കോൺഗ്രസ്സും ഐ.എൻ.റ്റി.യു.സിയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാൻ ഉതകുന്ന പുതിയൊരു തന്ത്രത്തിന് രൂപം കൊടുക്കേണ്ടിയിരിക്കുന്നു.

നിലവിൽ രാജ്യത്തെ ബി.ജെ.പി. നേതൃത്വത്തിലുള്ള ചഉഅ സർക്കാരിന്റെ തൊഴിലാളി- കർഷക-ജനവിരുദ്ധ നയങ്ങളെയും നടപടികളെയും ചെറുക്കുവാൻ രാഷ്ട്രീയമായും ട്രേഡ് യൂണിയൻപരമായും നമ്മൾ ശക്തിപ്രാപിക്കേണ്ടതുണ്ട്. ഇന്നത്തെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ ഇത് തീർത്തും അനിവാര്യമാണെന്ന് ഐ.എൻ.റ്റി.യു.സി. വിലയിരുത്തുന്നു. അതുകൊണ്ട് രാജ്യത്തെ ജനങ്ങളിൽ 40%ത്തോളം വരുന്ന കാർഷിക, വ്യവസായ, വാണിജ്യ, സേവന, സംഘടിത, അസംഘടിത തൊഴിലാളികളെ സംഘടിപ്പിക്കുവാനുള്ള ഉത്തരവാദിത്വം ഐ.എൻ.റ്റി.യു.സിക്ക് നൽകി കോൺഗ്രസ്സിന്റെ രാഷ്ട്രീയ ശക്തി വീണ്ടെടുക്കുവാനുള്ള തീരുമാനം കൈക്കൊള്ളണമെന്ന് ഐ.എൻ.റ്റി.യു.സി. ദേശീയ വർക്കിംഗ് കമ്മിറ്റി കോൺഗ്രസ്സിനോട് അഭ്യർത്ഥിക്കുന്നു.

ഐ.എൻ.റ്റി.യു.സി. നേതാക്കളെ ഉചിതമായ പാർട്ടിപദവികളിലും, പഞ്ചായത്ത് മുതൽ പാർലമെന്റ് വരെയുള്ള നിയമനിർമ്മാണ സഭകളിലും പരിഗണിക്കുമെന്ന് 2015 ഡിസംബറിൽ ഐ.എൻ.റ്റി.യു.സി. ദേശീയ പ്ലീനറി സമ്മേളനം ഉത്ഘാടനം ചെയ്ത് ശ്രീ. രാഹുൽഗാന്ധി പ്രഖ്യാപിച്ചത് ഇന്നും നമ്മൾ ഓർമ്മിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ യാതൊരു പരിഗണനയും പിന്നീട് ഉണ്ടായിട്ടില്ല. അതിനാൽ പാർട്ടി പദവികളിലും, നിയമനിർമ്മാണ സഭകളിലും, ത്രിതല പഞ്ചായത്ത് സമിതികളിലും ഐ.എൻ.റ്റി.യു.സിക്ക് മതിയായ പ്രാതിനിധ്യം കോൺഗ്രസ്സ് ഉറപ്പാക്കണം. തുല്യ പങ്കാളിത്തം നൽകി കോൺഗ്രസ്സ് ഐ.എൻ.റ്റി.യു.സി. നേതാക്കളുടെ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി ദേശീയ തലം മുതൽ മണ്ഡലതലം വരെ രൂപീകരിക്കുകയും മൂന്ന് മാസത്തിലൊരിക്കൽ ഈ കമ്മിറ്റി യോഗം ചേർന്ന് കോൺഗ്രസ്സ് ഐ.എൻ.റ്റി.യു.സി. ബന്ധം ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം.

ഇംഗ്ലീഷിലുള്ള പ്രമേയം പരിഭാഷപ്പെടുത്തിയത്
വി.ജെ. ജോസഫ്, ഐ.എൻ.റ്റി.യു.സി. സംസ്ഥാനജനറൽ സെക്രട്ടറി.

# ആക്ഷേപങ്ങളും അഭിപ്രായങ്ങളും

ഇന്ത്യൻ തൊഴിലാളി പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് വായനക്കാർ, യൂണിയൻ ഭാരവാഹികൾ, അഭ്യുദയകാംക്ഷികൾ എന്നിവർക്കുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിയിക്കുവാൻ സദയം അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം ഈ മാഗസിനിൽ പ്രസിദ്ധീകരിക്കുവാനായി സാമ്പത്തിക – വ്യവസായ – തൊഴിൽ മേഖലകളെ മുൻനിർത്തിയുള്ള ലേഖനങ്ങളും ക്ഷണിക്കുന്നു.

തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും, കുട്ടികളും തയ്യാറാക്കുന്ന കഥ, ചെറുകഥ, കവിത, കാർട്ടൂൺ എന്നിവയും ലഭ്യമാകുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. ഇവയും ക്ഷണിക്കുന്നു.

**പ്രസിദ്ധീകരണ വിഷയങ്ങൾ അയയ്ക്കേണ്ട വിലാസം:**

V.J. JOSEPH
CHIEF EDITOR CUM PRINTER AND PUBLISHER
(INDIAN THOZHILALI MAGAZINE)
INTUC STATE COMMITTEE OFFICE
K. KARUNAKARAN SMARAKA INTUC MANDIRAM,
T.C. 78/1461 (4), PARUTHIKUZHI,
MANACAUD. P.O., TRIVANDRUM – 695 009, KERALA
MOB : 9447413374
Email : keralaintuc@gmail.com
indianthozhilali@gmail.com



## Department of Economics & Statistics

No.DES/859/2021-P3(1) Thiruvananthapuram , 29/11/2021

***Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of October 2021***

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O.(MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.

| Slno. | Centre | Linking Factor* | Index Numbers for **Base : 2011-12 = 100** | | Estimated Indices for **Base : 1998-99 = 100** | |
|---|---|---|---|---|---|---|
| | | | September 2021 | October 2021 | September 2021 | October 2021 |
| 1 | Thiruvananthapuram | 2.11 | 180 | 180 | 380 | 380 |
| 2 | Kollam | 2.09 | 175 | 176 | 366 | 368 |
| 3 | Punalur | 2.10 | 182 | 183 | 382 | 384 |
| 4 | Pathanamthitta | 2.03 | 190 | 192 | 386 | 390 |
| 5 | Alappuzha | 2.05 | 187 | 188 | 383 | 385 |
| 6 | Kottayam | 2.08 | 183 | 185 | 381 | 385 |
| 7 | Mundakayam | 2.17 | 177 | 179 | 384 | 388 |
| 8 | Idukki | 1.97 | 179 | 181 | 353 | 357 |
| 9 | Ernakulam | 2.03 | 179 | 180 | 363 | 365 |
| 10 | Chalakkuddy | 2.00 | 189 | 190 | 378 | 380 |
| 11 | Thrissur | 1.87 | 191 | 192 | 357 | 359 |
| 12 | Palakkad | 2.09 | 172 | 173 | 359 | 362 |
| 13 | Malappuram | 2.00 | 178 | 178 | 356 | 356 |
| 14 | Kozhikode | 2.02 | 184 | 185 | 372 | 374 |
| 15 | Wayanad | 1.93 | 180 | 181 | 347 | 349 |
| 16 | Kannur | 2.02 | 189 | 193 | 382 | 390 |
| 17 | Kasargod | 2.05 | 189 | 189 | 387 | 387 |

** Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.*

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of October 2021 as ascertained by the Director of Economics & Statistics under clause (C) of Section 2 of the Act.

**Sd/-**
**Sajeevu. P. P**
**Director**

Department of Economics & Statistics
Thiruvananthapuram , Dated 29/11/2021




**Maximum Loan Amount Per Gram** | **No Extra Processing Charges**

- Enjoy Manappuram's Service Excellence, even as you stay safe at home
- Saves you time and money, with the highest safety for your jewellery.
- We serve customers all over India
- Tell us more about loan requirement by downloading and installing our Mobile Application - Doorstep Gold Loan
- Join us as Business Associate and Explore the opportunity to earn unlimited income throughout your life

Terms & Conditions Apply

**Transfer Your Gold From Other NBFCs and Banks Without Any Extra Charge**

KARAMANA BRANCH
Ushas 1st Floor, Ward No.20
Karamana 695002, Thiruvananthapuram
Ph : 8589080335, 85890999335

MANAPPURAM FINANCE LIMITED
Make Life Easy
OGL 24x7
manappuramfinanceltd
www.manappuram.com

●WASH YOUR HANDS ●WEAR A MASK ●KEEP YOUR DISTANCE


Printed and Published Owned by P. Gopakumar, Kollam-691001. Designing & Layout : Sajan Thennila_-_9846560789
email: indianthozhilali@gmail.com


ഉന്മേഷം
7 വ്യത്യസ്ത
രുചികളിൽ
Kelpalm
Palm Cola
(A Govt of Kerala Product)
കെൽപാം
കോള
Kelpalm
ഒരു
കേരളസർക്കാർ
സ്ഥാപനം
Kelpalm
A Govt of Kerala undertaking
An ISO 9001-2015 certified company
Kerala State Palmyrah Products Development and
Workers Welfare Corporation Ltd
Arayoor P.O, Kottamom, Thiruvananthapuram, Kerala, Phone: 0471-2231275
Email: mdkelpalm01@gmail.com,Web: www.kelpalm.com
Marketed by: PRP Co. Contact: +91 9526289767

INDIAN THOZHILALI MONTHLY RNI NO. KERMAL 2012/44178 TC _-_ LICENCED TO POST WITHOUT PREPAYMENT _-_ KL/QN/WPP 198/2019-21




Sajan Thennila _-_ 9846560789